തസ്തകളായ സ്ത്രീകൾ തമ്മിൽ പരിചയപ്പെടുവാനും, അവർ തമ്മിൽ സൗഹാർദ്ദമുണ്ടാകുവാനും, സാമുദായികമായും സാഹിത്യപരമായും കലാപരമായും ഉള്ള അറിവും സംസ്കാരവും അവക്ക് നൽകുവാനുമുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുവാനും, വിനോദപരമായ കാര്യങ്ങളിൽ ഏർപ്പെടുവാനും, വായനശാല വഴിയായി അവരുടെയിടയിൽ മാനസികമായ സംസ്കാരം വർദ്ധിപ്പിക്കുവാനുമുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ സമാജം ഇവിടെ തുടങ്ങിയത്. ഈ സമാജത്തിന്റെ പ്രവൃത്തികൾ ശരിയായി നടത്തണമെങ്കിൽ സ്വന്തമായി ഒരു സ്ഥലം വേണ്ടതത്യാവശ്യമാണെന്ന് ഉടനെ ഞങ്ങൾക്ക് മനസ്സിലായി. സമ്മേളനങ്ങൾക്കു മാത്രം ഒരു സ്ഥലം വാടകക്കെടുക്കാമെന്നുവെച്ചാൽ അത് പലരുടേയും സൗകര്യങ്ങളെ ആശ്രയിച്ചിരിക്കുന്നതിനാൽ അതും നന്നായിട്ടു തോന്നിയില്ല. ഇതനുസരിച്ചു ഫൻവഫ-ൽ (സമാജം തുടങ്ങിയത് ഫൻവഠ-ൽ ആണ്.) ഈ സമാജം നടത്തിക്കൊണ്ടുപോകേണ്ട ആവശ്യത്തിലേക്കായി ഒരു കെട്ടിടം പണിതു തരണമെന്ന് ഗവർമ്മെണ്ടിലേക്ക് അപേക്ഷ അയക്കുകയും അതു ഗവർമ്മെന്റു അനുവദിക്കുകയും ചെയ്തു. അങ്ങിനെ ഒരു കെട്ടിടം പണിതു തരുവാനും അതു ഒരു ഫ്രീഗിഫ്ട് ആയിട്ട് ഞങ്ങൾക്കു തരുവാനും ഗവർമ്മെൻറിനെ പ്രേരിപ്പിച്ച സംഗതി ഗവർമ്മെൻറു പ്രൊസീഡിങ്ങ്സ് വായിച്ചാൽ മാത്രമെ വിശദമാവുകയുള്ളൂ.

"The aims and objects of the Association being very laudable with a view to afford additional facilities for their attainment and by way of encouraging better social amity and friendly relationship among the ladies of the place for their welfare and advancement in general the Government have resolved to open a Women and Children's Park at Ernakulam in the water works Reservoir ground.....with a tea house in the centre which the Ladies Association will be permitted to utilise for their meeting, etc. The Chairman, Ernakulam Municipal Council, who was accordingly requested to submit estimates has submitted estimates one for Rs. 8800 for building and the other for Rs. 2700 for a compound wall..... The Chief Engineer is requested to pay this amount to him at an early date the expenditure being charged to the general savings of the P. W. Budget of 1096....." ഇതിൽനിന്നു മനസ്സിലാക്കാം ഞങ്ങൾക്കുവേണ്ടി അവർ ആയിരമോ രണ്ടായിരമോ ഉറുപ്പികയല്ല ചിലവാക്കിയത്, ഉദ്ദേശം പതിനായിരത്തോളമാണ് എന്ന്.

ഈ കെട്ടിടം ഫൻവവ ഏപ്രിൽ മാസത്തിലാണു പണിതു കഴിഞ്ഞത്. അതിന്റെ ഉൽഘാടനകർമ്മം അന്നത്തെ ദിവാൻജിയായ സർ ടി. വിജയരാഘവാചാര്യിയാണ് നിർവ്വഹിച്ചതു. ഈ "ഫ്രീഗിഫ്ട്" വേണ്ടവിധം സ്വീകരിക്കുവാനും മറ്റുമായി കഴിയുന്നത്ര സ്ത്രീകളെയെല്ലാം സന്നിഹിതരാകാൻ പ്രേരിപ്പിക്കണമെന്നു മുൻസിപ്പൽ ചെയർമാന്റെ എഴുത്തും അന്നത്തെ സിക്രട്ടരിക്ക് ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഏതു ശുഭകോര്യങ്ങൾ ചെയ്യുമ്പോഴും നല്ല സമയം നോക്കണമെന്നു പറയുന്നതു ഈ കെട്ടിടത്തിന്റെ ചരിത്രംകൊണ്ടുതന്നെ തെളിയുന്നതാണു്. ഈ സമാജസ്ഥലം ഞങ്ങളുടെ കയ്യിൽ രണ്ടുമാസക്കാലം തികച്ചു ഇരുന്നില്ല. ഇവിടത്തെ പെൺപള്ളിക്കൂടത്തിൽ School final class തുടങ്ങേണ്ട ആവശ്യം വരികയും അതിന്നു സ്ഥലം തല്ക്കാലം ഇല്ലാത്തതിനാൽ ഒന്നരണ്ടു മാസത്തേക്കു് ഈ ഹാൾ ഒഴിഞ്ഞുകൊടുക്കണമെന്നും ഗവർമ്മെൻറു ആവശ്യപ്പെട്ടതനുസരിച്ചു ഞങ്ങളുടെ പ്രവൃത്തികൾക്കു് വിഘ്നംക്രൂടാതെ ക്ലാസ്സു നടത്തിക്കൊള്ളുവാൻ സമ്മതം കൊടുത്തു. ആറുമാസം കഴിഞ്ഞിട്ടും ഞങ്ങൾക്കു സ്ഥലം ഒഴിഞ്ഞുതന്നില്ല. അതിനെക്കുറിച്ചു ആവലാതിപ്പെട്ടപ്പോൾ എഡ്യൂക്കേഷൻ കൊല്ലം കഴിയട്ടെ എന്നു പറഞ്ഞു. ആകപ്പാടെ മൂന്നുകൊല്ലം കഴിഞ്ഞപ്പോഴാണു് സ്ഥലം ഞങ്ങളുടെ കയ്യിൽ കിട്ടിയതു്. എന്നിട്ടും ഞങ്ങളുടെ കഷ്ടകാലം തീർന്നില്ല. അധികം താമസിയാതെ സ്ഥലം ബോയിസ് സ്കൂളാവശ്യത്തിലേക്കു വിട്ടുകൊടുക്കേണ്ടിവന്നു. മഹാരാജാസ് കോളേജ് ഫസ്റ്റു ഗ്രേഡാക്കിയതിനാൽ അവിടെ പ്രൈമറി ക്ലാസ്സുകൾക്കു സ്ഥലം പോരായെന്നും അതിനാൽ ഈ സ്ഥലം ഞങ്ങളുടെ പ്രവൃത്തികൾക്കു വിഘ്നം വരാത്ത നിലയിൽ അവക്കു ഉപയോഗിപ്പാൻ കൊടുക്കണമെന്നും ഞങ്ങളോടു ആവശ്യപ്പെട്ടു. അതിന്നു കൊടുത്തശേഷം ആ സ്ഥലം ഞങ്ങൾക്കു തിരിച്ചുകിട്ടിയതു ഫർലൊ-ൽ ആണു്. അതിൽ പിന്നീടു ഉണ്ടായ വേറൊരു ഗവർമ്മെണ്ടാഡർ നോക്കിയാൽ ഏതാണ്ടു ഭജനംമുത്തു ഊരാണ്മയായതുപോലെ തോന്നും. ഫർലൊ-ൽ ആണു് ഈ ആർഡർ ഉണ്ടായതു്. ഈ കെട്ടിടം ആൺകുട്ടികളുടെ ഹൈസ്കൂൾ നടത്തുവാൻ വേണമെന്നും ഞങ്ങൾക്കു മീറിങ്ങിനും മറ്റും അന്നു് ഗവർമ്മെൻറു വാടകക്കെടുത്തിരുന്ന റാവു ബഹദൂർ വട്ടീസിന്റെ കെട്ടിടത്തിലെ ചുവട്ടിലുള്ള ഒരു മുറി ഉപയോഗിച്ചുകൊള്ളുവാനും ഞങ്ങളോടാവശ്യപ്പെട്ടു. ഇതാണു് ഞങ്ങളുടെ സമാജസ്ഥലത്തിന്റെ ഇതേവരെയുള്ള ചരിത്രത്തിന്റെ അവസാനഭാഗം. ഇതു എളുപ്പത്തിൽ സ്ഥലം ഒഴിഞ്ഞുകൊടുക്കുക സാദ്ധ്യമായില്ല. റാവു ബഹദൂർ വട്ടീസിന്റെ സ്ഥലത്തു ഒരു മുറിമാത്രം കിട്ടുന്നതുകൊണ്ടുള്ള അസൗകര്യത്തേയും മറ്റും സംബന്ധിച്ചു ഞങ്ങൾ മിസ്റ്റർ മാണിക്കത്തു ശിവരാമമേനോനുമായി സംസാരിക്കയും അദ്ദേഹവും ശ്രീമാൻ അമ്പാടി ശങ്കരമേനോനുംകൂടി ദിവാൻജിയെ നേരിട്ടുകണ്ടു സംസാരിക്കയും മറ്റും ചെയ്തതിന്റെ ഫലമായി സ്കൂൾ ഒഴിവുള്ള സമയത്തു സമാജാവശ്യകാര്യങ്ങൾ അവിടെവെച്ചു നടത്തിക്കൊള്ളുവാൻ ഞങ്ങൾക്കു സമ്മതം തരികയും ചെയ്തു. പിന്നീടു കോളേജ് എക്സ്റ്റൻഷൻ കാലത്തു ആ ഹോളും റൂമും ഗവർമ്മെൻറിലേക്കു അകപ്പയർ ചെയ്തുയും ചെയ്തു. മിസ്റ്റർ ഫെർബർട്ടു ദിവാനായിരുന്നപ്പോൾ സ്ത്രീസമാജം ഒരു ഡെപ്യൂട്ടേഷനെ അയച്ചു. അധികം ധനവ്യയം ക്രൂടാതെ ചുരുക്കത്തിൽ എന്തെങ്കിലും ചെയ്തുതരുന്നതിന്നു ചില suggestions കൊടുക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. ഇവിടത്തെ പെൺപള്ളിക്കൂടത്തിന്റെ തെക്കുകിഴക്കു ഭാഗത്തായി കുറെ സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവായി കിടക്കുന്നുണ്ടെന്നും അതിൽ ഒരു സ്ഥലം ഞങ്ങൾക്കു പണിയിച്ചുതന്നാൽ മതിയെന്നും മൂന്നിക്കാണിച്ചു ഞങ്ങൾ എഴുതി. ഇതിന്നു സമ്മതമാണോ എന്ന് പെൺപള്ളിക്കൂടത്തിലെ ഹെഡ് മിസ്ട്രസ്സിനോടു ഗവർമ്മെണ്ടിൽനിന്നു എഴുതി ചോദിക്കുകയും, സമ്മതമാണെന്നു അവർ മറുപടി അയക്കുകയും ചെയ്തു. ഇന്നത്തെ ദിവാൻജിയുടെ അടുത്തും ഞങ്ങൾ deputation ആയിപ്പോയി സംഗതികളെല്ലാം അദ്ദേഹത്തെ വിശദമായി കേൾപ്പിച്ചു. "The work will begin next year if possible" എന്ന് ഒരു മറുപടിയും ഞങ്ങൾക്കു കിട്ടി. അതു കഴിഞ്ഞിട്ട് ഇപ്പോൾ കൊല്ലം രണ്ടായി. ഇത്രവണത്തെ ബഡ്ജറിലും ഇതിന്നുള്ള തുക അനുവദിച്ചിട്ടില്ല. ഇങ്ങിനെ അമാന്തിച്ചാൽ ഒടുക്കം സ്ത്രീസമാജസ്ഥലത്തിന്റെ കാര്യംതന്നെ ഇല്ലാതായേക്കും എന്നു ഭയന്നിട്ടാണ് ഞാൻ ഇവിടെ ഈ സംഗതി ഒരുപക്ഷേപത്തിന്റെ രൂപത്തിൽതന്നെ കൊണ്ടുവന്നിട്ടുള്ളതു്. ഫ്രഫസ-ൽതന്നെ ഞങ്ങൾക്കു ഒരു കെട്ടിടം തരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു, തരുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

നാലഞ്ചു മാസങ്ങൾക്കു മുമ്പുവരെ ഗവർമ്മെന്റ് സ്കൂൾ ഹോളിൽവെച്ചാണ് ഞങ്ങൾ മീറ്റിംഗുകളെല്ലാം നടത്തിവന്നതു്. അന്നു് ഓരോ തവണയും വക. വീതംവാടക സർക്കാരിലേക്കു കെട്ടേണ്ടിവന്നിരുന്നു. ആ വിവരം ഗവർമ്മെണ്ടിനെ അറിയിപ്പിച്ചപ്പോൾ ഞങ്ങൾക്കു ഒരു സ്ഥലം തരുന്നതുവരെ ആ ഹോളിന്നു വാടക കൊടുക്കേണ്ടെന്നും അതു സൗജന്യമായി ഉപയോഗിക്കാമെന്നും ഗവർമ്മെന്റു സമ്മതിച്ചു. ഇതിന്നു ഞങ്ങൾ ഗവർമ്മെന്റിനോടു വളരെ നന്ദിയുള്ളവരാണ്. എങ്കിലും ഇതുകൊണ്ടു മാത്രമായില്ല. അവിടെ ഞങ്ങൾക്കു library യും club-ം മറ്റും സൗകര്യമാവുകയില്ല. അതുകൊണ്ടു ഞങ്ങൾക്കു ഒരു സ്ഥലം സ്വന്തമായി തരുന്നതിന്നു ഇനി അമാന്തിക്കരുതു്. ഇന്നത്തെ ഗവർമ്മെന്റു ദയവായി സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി ഒരു പാക്ക് തുറന്നിട്ടുണ്ടു്. അതിലേക്കു ഗവർമ്മെന്റിനോടു നന്ദിപറഞ്ഞുകൊള്ളുന്നു. മുന്നക്കത്തിൽ ഞങ്ങൾക്കു് ഒരം വഷ്ത്തിൽതന്നെ ഒരു Hall കൂടി പണിയിച്ചുതരണമെന്നു ഞാൻ പിന്നെയും അപേക്ഷിച്ചുകൊള്ളുന്നു.

Mr. V. K. Krishnankutty *(Anthikad).*—There is a Ladies Association in Trichur. Has the Government given any contribution to the building they have put up?

Mr. V. K. Aravindaksha Menon *(Chief Engineer).*—No.

മിസ്സിസ് മീനാക്ഷി എൻ. മേനോൻ *(Nominated).*— ആ വിഷയത്തെക്കുറിച്ചു ഇവിടെ ആലോചിക്കേണ്ടതില്ല. എന്തെന്നാൽ പത്തുപതിനെട്ടു കൊല്ലം മുമ്പു് എവിടെയെങ്കിലും ഒരു സ്ത്രീസമാജം ഉണ്ടായിരുന്നുവാ. ഈ എറണാകുളത്തൊഴിച്ചു്? ഇന്നു ആദ്യമായി ഒരു കെട്ടിടം തരണമെന്നല്ല അപേക്ഷിക്കുന്നതു്. ഞങ്ങൾക്കു ഒരിക്കൽ ഗവർമ്മെ

LIBRARY ARCHIVES Kerala Legislative Assembly

ൻറ തന്നതും, തൽക്കാലാവശ്യത്തിനു തിരിയെ എടുത്തതും ആയ ഒരു സ്ഥലമാണ് ഞങ്ങൾ ചോദിക്കുന്നതു്.

Mr. A. Sankara Menon (*Trippunithura*).—Sir, I beg to say one or two words. I believe the House will concede that a very strong case has been made out. A gift had already been made and that gift was taken back. Mr. M. Sivarama Menon and myself interviewed Mr. Herbert, the then Diwan, and he promised us that provision would be made for this before the ladies were asked to vacate. That promise ought to have been carried out long ago. I hope no further delay will be caused in granting the request.

മിസ്റ്റർ കെ. പി. കണ്ണൻ നായർ *(Secretary to Government)*.—ഈ ഉപക്ഷേപത്തിൽ അടങ്ങീട്ടുള്ള സംഗതികൾ മിക്കതും ശരിതന്നെയാണ്.

മിസ്റ്റർ ടി. കെ. നായർ *(Pazhayannur)*.— പിന്നെ ഏതാണ് തെറ്റായിട്ടുള്ളതു്?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.—അവസാനമായിട്ട് പറഞ്ഞ ഒരു സംഗതി മാത്രം. ജനനംമുതൽ ഉള്ളാളെയായി എന്നൊരു സംഗതി ഇവിടെ പറഞ്ഞു. അതു് നേരെ മറിച്ചാണ് നിൽക്കുന്നതു്.

Mr. A. Sankara Menon *(Vittila)*.—Will the Hon'ble Member place all the papers before the House?

Mr. K. P. Kannan Nayar *(Secretary to Government)*.—I don't know whether the order of the Government can be interpreted to mean that there was a free gift of the building to the Ladies Association. Now, I don't want to say that in taking away that building for some other purpose an injustice has not been done to the Ladies Association. But when they say that there was a free gift of the building to them and that the Government subsequently took away that building for some other purpose there is some difference. Though it has been taken away from the Ladies Association as such that building is even now being reserved for the use of a section of the ladies. The Lady students of the College are using it as their retiring room. When it was found that after the school hours it would be inconvenient to hold their meetings there, as the Hon'ble Member herself pointed out, there was another suggestion made that the central room in Mr. Varugis's House may be utilised for the purpose. That also was found inconvenient. Subsequently a sum of Rs. 6000 was proposed to be provided in

LIBRARY ARCHIVES Kerala Legislative Assembly

the budget for 1112 but unfortunately on account of the financial circumstances it had not been possible for the Government to provide that. What the Government propose to do is to pay a reasonable rent for a building provided the ladies can find out a building for their use till the Government are in a position to find funds to put up a building for this purpose. That is all what the Government can do at present in the present financial circumstances and I think the Association ought to be satisfied with that. I think the House also will be satisfied with this arrangement. The Government is not in a position to take up the work in 1113. Why should they be anxious to have a building all at once when we are prepared to pay the rent. That is all what is possible for the Government to do. I hope the House will be pleased to consider that as satisfactory.

മിസ്റ്റർ ടി. കെ. നായർ *(Pazhayannur)*.— വാടക കൊടുക്കാം എന്നു പറഞ്ഞു, അതു ശരിയാണ്. പക്ഷെ അവരുടെ ആവശ്യത്തിനുതകുന്ന കെട്ടിടം എവിടെയാണുള്ളതു് എവിടെയാണുള്ളതെന്നു പറഞ്ഞു കൊടുത്താലല്ലാതെ സാധിക്കുമോ? ഹാൾ വേണം, അതിനുള്ള സ്ഥലം വേണമെന്നു പറഞ്ഞപ്പോൾ വാടക കൊടുക്കാമെന്നു പറഞ്ഞതുകൊണ്ടു് അങ്ങിനെ സൌകര്യമായ ഒരു സ്ഥലം എവിടെയാണുള്ളതെന്നു അറിയാവുന്ന സിക്രട്ടറിയവർകൾക്കു പറയാമെല്ലോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— ഇവിടെ പാർക്കിന്റെ ആവശ്യത്തിനുവേണ്ടി എടുത്ത സ്ഥലം അതിലേക്കുതന്നെ ഉപയോഗിച്ചിട്ടുണ്ടു്. പിന്നെ മീറ്റിംഗ് കൂടേണ്ട ആവശ്യത്തിനു ഒരു കെട്ടിടം വേണമെന്നുള്ളതാണു്.

മിസ്സിസ് മീനാക്ഷി എൻ. മേനോൻ *(Nominated)*.— സർ, ആദ്യമെതന്നെ ബഹുമാനപ്പെട്ട സിക്രട്ടരി അവർകളുടെ പ്രസംഗത്തിൽ നിന്നും വെളിവായിരിക്കുന്ന തെറ്റിദ്ധാരണയെ നീക്കട്ടെ. ഒരു കെട്ടിടം ഞങ്ങൾക്കു ഒരു ഫ്രീഗിഫ്ട് ആയിട്ടാണു് തന്നിട്ടുള്ളതെന്നു അന്നത്തെ മുൻസിപ്പൽ ചെയർമാന്റെ എഴുത്തിൽനിന്നതന്നെ വിശദമാണു്. എന്നുമാത്രമല്ല അതിനെക്കുറിച്ചുള്ള Govt. Proceedings-ം ഉണ്ടു്. ഇപ്പോഴും ആ ഹാൾ മഹാരാജാസ് കോളേജിലെ പെൺകുട്ടികൾ വെയിറ്റിംഗ് റൂമായി ഉപയോഗിക്കുന്നു എന്നുള്ളതിൽ സ്ത്രീസമാജത്തിനു യാതൊരു ചാരിതാർത്ഥ്യത്തിനും വഴിയില്ല. ഞങ്ങൾക്കു സ്ത്രീസമാജ സമ്മേളനങ്ങൾക്കായി തന്നിരുന്നതും തിരിച്ചുവാങ്ങിയതുമായ സ്ഥലത്തിനു പകരം അതേ ആവശ്യത്തിനു ഒരു സ്ഥലംതരണം.

Mr. President.—I don't think there is any question of want of sympathy on the part of the Government. I think the offer of the Secretary to Government that the Government will give a reasonable rent is satisfactory.

LIBRARY ARCHIVES Kerala Legislative Assembly

മിസ്സിസ് മീനാക്ഷി എൻ. മേനോൻ *(Nominated)*.— ദിവാൻ പ്രസിഡൻറു ഇപ്പോൾ സ്ഥലത്തിന്നു വാടക തരാമെന്നും അടുത്ത വഷ്ത്തിൽ സ്ഥലം തരുന്നതിനെക്കുറിച്ചാലോചിക്കാമെന്നും സമ്മതിച്ചതു കൊണ്ട് ഞാൻ ഇപ്പോൾ സമാധാനിക്കുന്നു. ഇനിയും ഈ കാര്യത്തിന്ന ഉപക്ഷേപങ്ങൾക്കും ചോദ്യങ്ങൾക്കും ഡെപ്യൂട്ടേഷനും മറും സംഗതിവരുത്താതെ കഴിയുന്നതുംവേഗത്തിൽ സ്ഥലംതന്നെ തരുവാൻ അപേക്ഷിച്ചുകൊണ്ടും തൽക്കാലം വാടകക്കുള്ള സ്ഥലംകൊണ്ടു തൃപ്തിപ്പെട്ടും ഞാൻ ഈ ഉപക്ഷേപത്തെ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുന്നു.

Motion was by leave withdrawn.

The House rose for lunch at 1-20 p. m. and re-assembled at 2-30 p. m. with the Deputy President (M. R. Ry. A. Sankara Menon Avl., B. A. & B. L.) in the Chair.

Motion No. 28.

Mr. P. Kumaran Ezhuthassan *(Wadakkancheri).*—*"To omit the allotment of Rs. 50,000 for construction of Buildings for Guest House. The same can at least wait till the finances improve if not be dropped as the same is not a necessity."*

Mr. President, I must state at the outset that the purpose for which I took the leave of the Hon'ble President to move my cut now is not satisfied to the extent I would have wished it. However, I will try my best to make out my case, the case being to omit the allotment of Rs. 50,000 for construtions of buildings for Guest House, to make the Government of Cochin understand that the same can at least wait till the finances improve if not be dropped as the same is not a necessity.

Sir, this is a drastic measure. But I am constrained to tell the Government of Cochin that the whole amount of Rs. 50,000 provided in their meagre budget for the next year may be omitted and that for the following reasons. I know for a fact that this provision is made in continuation of a provision for double this amount in the last years's budget and that probably may be a reason why I may be considered to be foolish, I may be considered to be impracticable, I may be considered to be on a warfare with the Government of Cochin, in moving this motion. But I assure this House, I assure the Government of Sir Shanmukham, that that motive is far far away from me. I tell this House in all seriousness I could command that my motive is something different, not an obstructionist policy, but a constructive one, not for vaingloriousness, but for helping the

LIBRARY ARCHIVES Kerala Legislative Assembly

hard-hit agriculturists whom I had been quoting from Mr. T. K. Sankara Menon's report as leading a life of misery by scratching the earth. 'Scratching the earth'! Mark you that. I tell the Cochin Government that it is all very well to have a palatial residence to house all those persons who go over here invited and at times uninvited—at times as friends—to house all those persons, big, small or middle class persons who should not, I say, be invited to occupy buildings intended for very great men. You will not challenge it. I will prove by facts. I submit a house for such a purpose is not a necessity in the circumstances obtaining in Cochin today. From your budget, Sir, it is seen that you are found to be helpless in very many useful things. Yes, sir. With such a budget you will be doing a criminal act, criminal—I repeat criminal—if you propose to squander this Rs. 50,000 upon a thing which, I tell you, is not a necessity but a luxury. And what sort of a luxury, sir? A luxury of luxuries which a prudent Government, if it refers back to the days of old—I am referring to the days of that magnanimous figure yonder (pointing to the portrait of His Highness the abdicated Maharaja) shedding a light of patriotism and inspiration upon the Hon'ble Members of this House—whose reign I have not been lucky enough to have seen but only heard of—would not venture to afford. Even with what I have heard, I tell you, I tell the Cochin Government as it is constituted today, it is not right, it is not wise, it is not just, to squander this large amount. (A vioce: Why this Vehemence?) Because the occasion demands it. I tell the Government as it is constituted today, presided over by a giant amongst giants, a giant amongst the recognised Congress politicians of old, that it is not a wise policy. I wanted to tell you this in my budget speech. But it was curtailed for want of time. I also wanted to congratulate you where congratulation is due to you. I wanted that portion of the speech to be read. But Hon'ble Members stood in the way and I yielded. Yes, sir, there is nobility in yielding. Sir, I referred the other day to the days of yore when Sir Shanmukham was fighting for the freedom of India as a lieutenant of that great son of India, Pandit Motilal, whom you should revere and prostrate before. (A voice: please come to the point). Sir, I am free to say what I feel, and I will say it in my own fashion.

Sir, how our hopes and expectations were blighted. In the days of such a man, in the days of such an administrator, such a renowned administrator—I am not referring to His Highness, I am referring to the gentleman who now turns the machinery of the Government of Cochin in a fashion which was not

LIBRARY ARCHIVES Kerala Legislative Assembly

expected of him—I never expected such a state of affairs. I am not forgetful of the many good things that he has done, a rather one-sided catalogue of which was given to us in his opening speech. In the days of such a man to read the pages of a budget which contains, Sir, the big sum of Rs. 1,500, for what, for improved demonstration on the agriculturists' land the condition of whom I have already described to you, Rs. 1500 for that useful purpose, and Rs. 500 for improving the cattle of Cochin, is a shame, when you find a sum of Rs. 50000 provided for a luxury which could at least lie over. I ask the members of the Treasury Benches, I ask you seriously, no insinuation, Hon'ble Member for law, please have you seen the cattle of a Cochinite Villager? Have you seen the cattle of Cochin, I again ask, in spite of being told by an honest man — I am referring to Mr. T. K. Sankara Menon again. Let him live long so that he may work with us and what for? For justifying the report that he has produced. He is sure to agitate for action because he has seen the misery of the villager. Have you taken any action on the report prepared by a big officer of yours, prepared at our demand, at our expense, the expense being met from the meagre earnings of the villager paid into your treasury. I ask seriously why you did not take action on that regard. I am sorry that the Diwan is not in the Chair. No disparagement to the Hon'ble the Deputy President who is now so properly honouring that Chair. The difference is this: If only he were here and if he has a heart—and I know he has one because he is a Congress man or at any rate was a Congress man and will become probably a Congress man since I know Sir Shanmukham—if only he were here now to hear the ravings of a mad man like me for the hard hit agriculturist of the village he would have been convinced of the injustice of the provision for a luxury. Sir, I am glad that I am described as a mad man—not by foes, for foes have I none—but by my friends. To them I have my sympathy. I will not misunderstand them. It is their love towards me that makes them tell me that I am a mad cap. The advantages of having the Diwan when an important question is discussed are very many. Perhaps he might not have considered this as an important question. Sir, I don't find fault with the absence of the Diwan. He might have very many other important duties to attend to.

Sir, to come to the main point: The position of the agriculturists being what is described in the masterly report of that able and honest officer—I am tempted to quote it once again, but I won't—are you justified, gentlemen, are you justified, I ask, in

LIBRARY ARCHIVES Kerala Legislative Assembly

spending Rs. 50,000 for the luxury. And what for? For housing occasionally, gentlemen or ladies of the type I described to you. To house such people, are you justified, I ask and ask with all the force and fervour I can command, in spending Rs. 50,000 like this? No. I can hear your minds say 'No' because I know you are Cochinites and Cochinites ought to know the villager. Sir, I think I know the villager. I know your hearts will say 'No'. But are you powerful to say that? Are you not there to tell us what you don't feel; but to say what you have been told to tell us, although the official whip does not go in the fashion of our whip. Are you justified, I ask, in spending this Rs. 50,000? No. No.

Deyuty President.—The Hon'ble Member's time is up.

Mr. P. Kumaran Ezhuthassan *(Wadakkancheri).*—One or two words more, Sir, and I am done.

Look, Sir, to the pages of the general discussion on the budget for the year 1112 conducted in Karkitagom 1111, i. e., just a year ago, and you will find arguments, both for and against, arguments forcibly put, beautifully put. There is reference to both sides of the picture commencing from page 167 and ending, I kon't know where, because I have not read the whole thing. This is from the memory, Sir, of a mad man. You will find out reference and I will bit you back with those references themselves in my time of reply if you try to distort them. With that picture of the villager it is criminal—I again say criminal—on the part of the Government which ought to know better, to spend this Rs. 50,000 for this Guest House when the villager is denied his food. He does not get his food. He simply exists to pay you your taxes. Please therefore, in the name of humanity, don't spend this amount upon this luxury, avoidable luxury, which can very well, at any rate, lie over for another year or two. Sir, you have not provided the usual amount for the Departments of Agriculture and Panchayats, however badly those departments are administered.

In the light of these things I tell the Government of Cochin 'Don't spend this amount'. Have the courage to admit that it is not proper to spend that amount.

Let me hope to have the help of the Hon'ble Members on those vacant seats, if they turn up at the time of voting. Sir, I place this cut before this House for consideration bearing in mind the times and condition in which we live.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. നാരായണമേനോൻ (*Vyttila*).— സർ, ഞാൻ ഈ ഉപക്ഷേപത്തെ എതിക്കുന്നതു ഗ്രാമീണരോടുള്ള വിരോധംകൊണ്ടല്ല. രണ്ടു കൊല്ലത്തിൽ ചിലപ്പോഴും ഈ സഭയിലുള്ള എന്റെ പെരുമാറ്റം കൊണ്ടു ഗ്രാമീണരുടെ കാര്യം വല്ലപ്പോഴും വന്നിട്ടുണ്ടെങ്കിൽ അതിനു വേണ്ടി വാദിച്ചിട്ടുള്ളവരിൽ ഞാൻ ഒരിക്കലും പിന്നണിയിലല്ലെന്നു ആക്ഷം ബോദ്ധ്യമായിട്ടുണ്ടാകണം. ഇതിന്റെ വാസ്തവം കൌൺസിൽ പ്രോസീഡിംഗ്സു എടുത്തുനോക്കിയാൽ അറിയാവുന്നതാണു്. ഗ്രാമീണരുടെ കാര്യംപറഞ്ഞു് ഈ ഗസ്റ്റ് ഹൌസിനായിട്ടു നീക്കിവച്ചിട്ടുള്ള സംഖ്യ ഇപ്പോൾ ചിലവുചെയ്യുവാൻ പാടില്ലെന്നു പറയുന്നതു് ന്യായമായിട്ടു് എനിക്കു തോന്നുന്നില്ല. കഴിഞ്ഞകൊല്ലം ഒരു ലക്ഷം രൂപാ ഇതിലേക്കു കൊള്ളിച്ചിരുന്നതു ചിലവാക്കിക്കഴിഞ്ഞു. കഴിഞ്ഞകൊല്ലം ഈ വിഷയത്തെപ്പറ്റിയുണ്ടായിരുന്ന ഉപക്ഷേപംതന്നെ തള്ളിക്കളഞ്ഞതുകൊണ്ടു ഈ സഭ ഗസ്റ്റ് ഹൌസു വേണമോ വേണ്ടയോ എന്നു കാര്യത്തിൽ വേണമെന്നു തീച്ചയാക്കിയതായിട്ടു് അനുമാനിക്കാവുന്നതാണു്.

പിന്നെ കുറെ പണം ചിലവുചെയ്തിട്ടു് അതു അവിടെ ഇട്ടതു ഇന്നലെ എന്റെ സ്നേഹിതൻ മിസ്റ്റർ അയ്യപ്പൻ പറഞ്ഞതുമാതിരി രാമേശ്വരത്തെ ക്ഷൌരംപോലെയാണു്. അതിനു എന്റെ സ്നേഹിതന്മാർ കുറ്റംനില്ക്കരുതു്.

ഗ്രാമീണരുടെ കാര്യത്തെക്കുറിച്ചു് എന്റെ സ്നേഹിതൻ പറഞ്ഞ ഈ അമ്പതിനായിരം ഉറുപ്പിക പട്ടണത്തിലാണു് ചിലവിടുന്നതു് എങ്കിലും അതിൽ ഭൂരിഭാഗവും ഗ്രാമീണരായ വേലക്കാക്കാണു് കിട്ടുവാൻ പോകുന്നതു് എന്നുള്ളതു് ആരും മറക്കരുതു്.

പിന്നെ വേറെ ഒരു സംഗതി എനിക്കു പറയാനുള്ളതു് ഇതാണു്. ഓരോ ദിവസം ചെല്ലുന്തോറും ഓരോ മിനിറ്റു ചെല്ലുന്തോറും സാമാനങ്ങൾക്കും ഭൂമിക്കും ഇവിടെ വിലകൂടിക്കൂടി വരുന്നു എന്നാണു്. കഴിഞ്ഞയാണ്ടിൽ നമ്മൾ തീച്ചയാക്കീട്ടുള്ള ഈ സംഗതി കാലതൈർഘ്യംവരുത്തി അനാവശ്യമായി ചിലവു് വർദ്ധിപ്പിക്കുകയോ അതോ വേഗത്തിൽ ആ പണി നടത്തുകയോ വേണ്ടതു് എന്നാണു് ആലോചിക്കുവാനുള്ളതു്.

ഇനി പ്രധാനമായിട്ടു ഒരു സംഗതി പറയാനുള്ളതു് ഈ ഗസ്റ്റ് ഹൌസു് തീക്കുവാൻ പോകുന്നതു് പുറത്തുനിന്നു വരുന്ന ആളുകൾ ആദ്യമായി എറണാകുളത്തേക്കു കേറിവരുന്ന സ്ഥലത്താണു് എന്നാണു്. എന്നാൽ ഈ സ്ഥലംപോലെ ഇത്ര ശുചിയില്ലാതേയും മലിനമായിട്ടും കിടക്കുന്ന ഒരു ഭാഗം ഈ നഗരത്തിൽ വേറെ ഉണ്ടെന്നു തോന്നുന്നില്ല. സ്ഥല ശുചീകരണത്തിനു വേണ്ടിയെങ്കിലും ഈ സ്ഥലംനന്നാക്കേണ്ടതു് അത്യാവശ്യമാണു്. എന്റെ ഗ്രാമീണ സ്നേഹിതനും ഞാനും തമ്മിൽ ഈ കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉള്ളവരല്ല. ഗ്രാമീണർ പട്ടി

LIBRARY ARCHIVES Kerala Legislative Assembly

ണികിടക്കുന്നു എന്നു പറയുകയുണ്ടായി. എന്നാൽ ഈ സംഖ്യ ചിലവു ചെയ്യുന്നതുകൊണ്ട് അവരുടെ പട്ടിണിക്കു വലിയൊരു പരിഹാരമാർഗ്ഗമായി തീരുമെന്നതു് മറക്കരുതു്: ഈ ന്യായത്തോടുകൂടിയെങ്കിലും ഈ സംഖ്യ അനുവദിക്കണമെന്നാണു് ഞാൻ പറയുന്നതു. എന്റെ സ്നേഹിതൻ സ്റ്റാൻറിംഗ് ഫിനാൽസു കമ്മിറ്റിയിൽവച്ചു പറഞ്ഞതുപോലെ മെഡിക്കൽ വകുപ്പിലും ഇഞ്ചിനീയർ വകുപ്പിലും റേഡിയോ കണക്ഷനുള്ള സംഖ്യ വെട്ടിക്കുറക്കുവാനുള്ള ഒരു ഉപക്ഷേപമാണു് കൊണ്ടുവന്നിരുന്നതെങ്കിൽ ഞാൻ തീർച്ചയായും അതിനു സഹായിക്കുമായിരുന്നു. എന്നാൽ ഈ കാര്യത്തിൽ അങ്ങിനെ ചെയ്യുവാൻ നിവൃത്തിയില്ല.

പിന്നെ വാഴ്ച്ചയൊഴിഞ്ഞ മഹാരാജാവായിരുന്നെങ്കിൽ ഇങ്ങനെ ചെയ്യുകയില്ലായിരുന്നു എന്നു് പറയുകയുണ്ടായി. അതു് ശരിയല്ല. ഈ പരിഷ്കാര കാലത്തു അദ്ദേഹത്തിന്റെ വാഴ്ച്ചയായിരുന്നെങ്കിൽ തീച്ചയായിട്ടും ഈ മാതിരി സ്ഥാപനങ്ങൾ യാതൊരു കാലദൈർഘ്യവും വരുത്താതെതന്നെ ഇവിടെ നാട്ടിൽ ഉണ്ടാക്കുമായിരുന്നു എന്നു എനിക്കു ധൈര്യമായിട്ടു പറയുവാൻ സാധിക്കും. പാവനമായ നാമങ്ങൾ ഇവിടെ മാതിരി വാദത്തിലേക്കു വലിച്ചിടാതിരിക്കുന്നതു് നന്നായിരിക്കും. നമ്മൾ ഫെഡറേഷനിൽ ചേരുവാൻ പോകുന്നു; നമ്മുടെ ഹാർബറിന്റെ നാലാം ഘട്ടം പണി പൂർത്തിയാകാൻ പോകുന്നു; പലതരത്തിലുള്ള അതിഥികൾ നമുക്കു വരുവാൻ പോകുന്നു; അങ്ങിനെയിരിക്കുന്ന ഇവിടെ ഘട്ടത്തിൽ ഇവിടെ പണി ഇനിയും ഇട്ടുകൊണ്ടിരിക്കുവാൻ നിവൃത്തിയില്ല. എന്റെ സ്നേഹിതന്റെ വിചാരം ഇവിടെ കൊച്ചീ രാജ്യത്തെ ഫൈവ് സ്റ്റാറാണ്ടിലേക്കു തിരിച്ചുകൊണ്ടു പോകണമെന്നാണോ എന്നാണു ഞാൻ ചോദിക്കുന്നതു്. ഞാൻ ഇവിടെ ഉപക്ഷേപത്തെ എതിർക്കുന്നു.

മിസ്റ്റർ ടി. സി. ഇയ്യുണ്ണി (*Pazhanji*).— സർ, ഞാൻ ഇവിടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഇതിനെ സംബന്ധിച്ചു് ഒരു വലിയ വാദപ്രതിവാദം നടന്നു അവസരത്തിൽ ദിവാൻ പ്രസിഡണ്ടു് അവർകൾ ഒരു സ്റ്റേറ്റുമെന്റു നൽകുകയുണ്ടായി. അതായതു എപ്പോഴെങ്കിലും പണിയാം എന്നുവച്ചു് ഇവിടെ സംഗതി മാറ്റിവെക്കുകയാണെങ്കിൽ ഇതിന്റെ സ്ഥലവിലക്രൂടിപ്പോകുവാൻ ഇടയുണ്ടു്. അതുകൊണ്ടു് ഇപ്പോൾതന്നെ അതിനു വേണ്ട സ്ഥലം അകപയർ ചെയ്യേണ്ടതു് അത്യാവശ്യമാണു് എന്നാണു്. അതനുസരിച്ചു് വേണ്ട സ്ഥലം അകപയർ ചെയ്തുകഴിഞ്ഞു. ഇനി ആ സ്ഥലത്തു ചെയ്യുവാൻ പോകുന്ന പണി ഒന്നു രണ്ടു കൊല്ലത്തേക്കുകൂടി നീട്ടിവച്ചാൽ യാതൊരു തരക്കേടും വരുവാനില്ല. അതിനു പകരം ഇവിടെ സംഖ്യ ഗ്രാമീണരുടെ കായ്ത്തിനുവേണ്ടി ചിലവഴിച്ചാൽ ഉപകാരമായിരിക്കുമെന്നാണു് എനിക്കു പറയുവാനുള്ളതു്. എത്രയോ കർഷകന്മാർ ഓരോരോ നാട്ടിൽ ബുദ്ധിമുട്ടി കഴിച്ചുകൂട്ടുന്നുണ്ടെന്നു ഇവിടെ ഹൌസിൽ പലപ്രാവശ്യവും ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. പ്രത്യേകിച്ചു കഴിഞ്ഞ കൊല്ലം ഒരു നൂറുപ്പികക്കു വേണ്ടി ഞാൻതന്നെ ഒരപേക്ഷ അയച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അത് ഇറിഗേഷനവേണ്ടി അതായത് ഒരു തോട് താഴ്ത്തികിട്ടനാതിനു വേണ്ടിയാണ്. അതിനു ഏകദേശം 2.00 ക. യെ ചിലവുചെയ്യേണ്ടതുള്ളൂ. ആ സംഖ്യയുടെ പകുതി നാട്ടുകാർ എടുക്കുകയാണെങ്കിൽ പണി നിവൃത്തിച്ചുതരാമെന്നു പറഞ്ഞു. അതു ഫ്രീ-ൽ തന്നെ ചെയ്തുതരാമോ എന്നു ചോദിച്ചു. ഇല്ല, ഫ്രീസ്-ൽ പണമുണ്ടെങ്കിൽ ചെയ്തുതരാമെന്നു പറഞ്ഞു. എത്രയും നിസ്സാരമായ ഈ കാര്യത്തിനു പണമില്ലെന്നു പറയുന്ന ഗവർമ്മെൻറു ഈ ഗസ്റ്റ് ഹൌസിന് വലിയൊരു സംഖ്യ നീക്കിവെക്കുന്നതു ഒട്ടും നീതീകരിക്കത്തക്കതല്ലെന്നാണ് എന്റെ അഭിപ്രായം.

***Mr. V. K. Aravindaksha Menon** *(Chief Engineer).*— Sir, the question of constructing the guest house has been very fully discussed in this Council during the last budget session and the Council approved of the provision of a lakh of rupees even last year. To raise an objection at this stage when the work is in progress and when several other works have to be done, is, I think, a policy which no Government or no Legislative Council should adopt.

Sir, the construction of a guest house is in reality a misnomer. The various details to the improvement of the northern part of the Ernakulam town consist of several works of public utility of which the proportion which goes for the construction of this building itself is only about 45 per cent. The remaining 55 per cent of the expenditure is for the reclamation of a marshy insanitary site in the town of Ernakulam and the consstruction of necessary accommodation for Police Officers, etc. So to come at this stage and then stop a work which has been started with the full approval of the Council is not right. I therefore think that this cut motion is in reality a very unfair one and should not be accepted by the Council. To argue that there are several important works still to be done in the villages and before such works are not completed one must not take up a work of improvement in towns will, I think, place the Government in a position which make it impossible for the Government to do anything. It has got to look after the villages and it has to look after the towns. If the Government had not been looking after the interests of the villages then I can understand the position. But it is not so. Extensive road proposals are under the consideration of the Government.

Mr. P. Kumaran Ezhuthassan *(Wadakkancheri).*— Roads for your big motor cars.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Aravindaksha Menon *(Chief Engineer)*.— For motor cars as well as for bullock carts. (Laughter).

In the morning I has discussed about the various schemes of the Government in regard to the canal communication and several irrigation schemes are under the consideration of the Government. These things will show that we have been attending to the needs of the rural population in a manner which many other Governments would be glad to do.

Mr. P. Kumaran Ezhuthassan *(Wadakkancheri)*.— They are more criminal than you (Laughter).

Mr. V. K. Aravindaksha Menon *(Chief Engineer)*.—I, therefore, think the House will not favour this motion.

Mr. P. Kumaran Ezhuthassan *(Wadakkancheri)*.—You may say 'the Government' and not 'the House'. Don't be so sure.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ *(Nellayi)*.— സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഈ ഗസ്റ്റ് ഹൌസിന്റെ പണിക്കു കുറെ പണം ചിലവാക്കീട്ടുണ്ട്; ആ സ്ഥിതിക്കു അതിനെ തുടൻകൊണ്ടു പോകണം; നിൻത്തിവെക്കുവാൻ പാടില്ല; തുടങ്ങിവച്ചാൽ അതു മുഴുവനാക്കണം എന്നുപറഞ്ഞതിനോടു ഞാൻ അനുകൂലിക്കുന്നു. എന്നാൽ ഈ ഗസ്റ്റ് ഹൌസിന്റെ കാര്യത്തിൽ മാത്രം ഗവൺമെൻറു ഇത്ര പ്രത്യേകമായ ശ്രദ്ധവെക്കുവാൻ കാരണമെന്താണ്? ഫ്രാൻസ് ഇടവം ർ-ാംനു-ത്തെ ഗസറ്റിൽ ഫ്ളഡ് റീലീഫിനുവേണ്ടി ഒരു പരസ്യം പ്രസിദ്ധപ്പെടുത്തീട്ടുണ്ടു. അതു കഴിഞ്ഞിട്ടു കാലം എത്രയായി? ഫ്ളഡ് റീലിഫിനുവേണ്ടി ഇന്നായിന്നതു ചെയ്യാമെന്നു ഗവൺമെൻറു പറഞ്ഞിട്ടുണ്ടു. അതൊന്നും ചെയ്യാതെ ഗസ്റ്റിനെ സ്വീകരിക്കുവാൻ നല്ലതായ ഒരു കെട്ടിടം പണിയണം എന്നുപറയുന്നതിന്റെ കാര്യം എനിക്കു മനസ്സിലാകുന്നില്ല. കുറുമാലി കരുവന്നൂർ റിവറിലെ വെള്ളപ്പൊക്കം നിമിത്തം അവിടെയുള്ള കൃഷിക്കാർക്കു വളരെ ദോഷങ്ങൾക്കു ഇടയുണ്ടു. ആ വെള്ളപ്പൊക്കത്തെ തടുക്കുന്നതിനുള്ള പണികൾ മുഴുവൻ ആക്കാത്തതുകൊണ്ടു ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടു. അതുകൊണ്ടു ഗവർമ്മെൻറു തുടങ്ങിവച്ചതു മുഴുവൻ ആക്കിയതിനുശേഷം ഒരു ലക്ഷാറു—ചിലവു—എടുക്കണമെന്നാണു ഞാൻ പറയുന്നതു. ഏറണാകുളത്തു കെട്ടിടം പണിയുന്നതുകൊണ്ടു നാട്ടിൻപുറങ്ങളിലുള്ള ജനങ്ങൾക്കായിരിക്കും ആദായമുണ്ടാകുന്നതു് എന്നും പറയുകയുണ്ടായി. ഏറണാകുളത്തു കെട്ടിടം പണിയുന്നതുകൊണ്ടു നാട്ടിൻപുറങ്ങളിലുള്ള കൂലിവേലക്കാർക്കു ഒരു ഗുണവും ഉണ്ടാകുന്നതല്ല. രണ്ടോ മൂന്നോ കൊല്ലംകഴിഞ്ഞു നമുക്കു പണമുണ്ടാകുമ്പോൾ ഒരു പണി പൂർത്തിയാക്കാവുന്നതാണു്. അതുകൊണ്ടു ഒരു പണി ഇപ്പോൾ നിറുത്തിവെക്കണമെന്നാണു് ഞാൻ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. സി. വക്കി (*Ernakulam North*) — ഗസ്റ്റ് ഹൌസ് പണിയുന്ന കാര്യത്തെ സംബന്ധിച്ചു കഴിഞ്ഞ ആണ്ടത്തെ ബഡ്ജറ്റ് സമ്മേളനത്തിൽ ശക്തിയായ വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ട്. ഇവിടെ ഒരു ഗസ്റ്റ് "ഹൌസ്" അത്യാവശ്യമാണെന്നും, വിശേഷിച്ചു വളരെ മലിനമായി കിടക്കുന്ന ആ ഒരു സ്ഥലം ഗസ്റ്റ് ഹൌസ് പണിയാനായി ട്ടെടുത്തത് വളരെ നന്നായെന്നും ഞാൻ കഴിഞ്ഞ ബഡ്ജറ്റ് സെഷനിൽ വിശദമായി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ വീണ്ടും ആ സംഗതിയെക്കുറിച്ചു ചർവ്വിതചർവ്വണം ചെയ്യണമെന്നു വിചാരിക്കുന്നില്ല. ഇപ്പോൾ തത്സംബന്ധമായി ഒരു വലിയ എതിർവാദം കൊണ്ടുവന്നിട്ടുള്ളതു ഗ്രാമീണരുടെ ആവശ്യങ്ങളൊക്കെ കഴിഞ്ഞിട്ട് ഗസ്റ്റ് ഹൌസ് പണിതാൽ മതി; അതിനുശേഷം ആ സ്ഥലം നന്നാക്കിയാൽ മതി എന്നൊക്കെയാണ്. ഗ്രാമീണർക്കു പല ആവശ്യങ്ങളുമുണ്ട്. ഇപ്പോൾ ഗസ്റ്റ് ഹൌസ് പണിയാൻപോകുന്ന സ്ഥലത്തിന്റെ ശോച്യവും മലിനവുമായ സ്ഥിതിയെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർന്മാർക്കു നിശ്ചയമുണ്ടെങ്കിൽ തീച്ചയായും ഗ്രാമീണരുടെ ആവശ്യങ്ങളെല്ലാം കഴിഞ്ഞിട്ട മാത്രമെ ആ സ്ഥലം നന്നാക്കി ഗസ്റ്റ് ഹൌസ് പണിചെയ്യാവൂ എന്നു വാദിക്കുകയില്ലായിരുന്നു. ആ സ്ഥലം അത്ര മലിനമാണ്. അതു വൃത്തിയാക്കേണ്ട ആവശ്യം ഗ്രാമീണരുടെ ആവശ്യത്തെപ്പോലെതന്നെ തുല്യപ്രാധാന്യമുള്ള ഒന്നാണ്. കൊച്ചീ രാജ്യത്തിന്റെ തലസ്ഥാനമെന്നു നാം അഭിമാനിക്കുന്ന എറണാകുളം പട്ടണത്തിൽ ഇങ്ങിനെ മോശമായ ഒരു സ്ഥലം ഒരു വിനാഴികപോലും വെച്ചുകൊണ്ടിരിക്കുവാൻ ഗവർമ്മെന്റിനോ സ്വദേശാഭിമാനമുള്ള ഈ സഭയിലെ മെമ്പറന്മാർക്കോ ഒരിക്കലും സമ്മതിക്കാവുന്നതല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).—ഞങ്ങൾക്കു ഞങ്ങളുടെ കുഞ്ഞുങ്ങളെ അണ്ണാ അധികമിഷ്ടം.

മിസ്റ്റർ പി. സി. വക്കി (*Ernakulam North*).— ചീഫ് ഇഞ്ചിനീയർ പറഞ്ഞതുപോലെ ഗസ്റ്റ് ഹൌസിനുവേണ്ടി ചിലവാക്കുന്ന സംഖ്യ പട്ടണവാസികളുടെ ആവശ്യംപോലെ ഗ്രാമീണരുടെ ആവശ്യങ്ങളും നിവൃത്തിക്കാൻ വേണ്ടിയുംകൂടി ആണ്. ഗ്രാമീണർ മനുഷ്യരാണെങ്കിൽ പട്ടണവാസികളും മനുഷ്യരാണ്. ഗ്രാമീണർ കഷ്ടപ്പെടുന്നുണ്ടെങ്കിൽ അതുപോലെ പട്ടണത്തിൽകിടന്നു കഷ്ടപ്പെടുന്ന ജനങ്ങളുടെ സങ്കടപരിഹാരത്തിനു കൂടിയാണ് ഒരു പണം ബഡ്ജറ്റിൽ നീക്കിവെച്ചിരിക്കുന്നതു്. അതുകയാൽ ഒരു സംഖ്യ അതിനായി ഉപയോഗിക്കരുതെന്നു പറയുന്നവരിൽ ഗ്രാമീണരോടുള്ള അനുതാപവും സഹതാപവും എത്ര ശക്തിയായി അനുഭവപ്പെടുന്നുണ്ടോ അത്ര ശക്തിയായ അനുകമ്പ പട്ടണത്തിന്റെ മേല്പറഞ്ഞ ഭാഗത്തു താമസിക്കുന്നവരോടു എനിക്കുമുണ്ട്. അതിനാൽ ആ ഭാഗത്തിന്റെ ശുചീകരണത്തിനും ജനങ്ങളുടെ ആരോഗ്യരക്ഷയ്ക്കും വേണ്ടി ഒരു പണം ഉപയോഗിക്കണമെന്ന് ഞാൻ ബലമായി വാദിക്കുന്നു. നിങ്ങൾ ആ സ്ഥലം നോക്കുക! എത്ര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വൃത്തിഹീനമായിട്ട കിടക്കുന്നു! മഹാരാജാവു തിരുമനസ്സിലെ പ്രജകളൊക്കെ സമമാണ്. ഗ്രാമീണരെപോലെ പട്ടണവാസികൾക്കും ആരോഗ്യംവേണ്ടേ? അവക്കും സുഖജീവിതം വേണ്ടേ? വെള്ളം കയറിയിറങ്ങിക്കൊണ്ടിരിക്കുന്നതും വെറും ചളിപ്രദേശമായും മലിനമായും കിടക്കുന്നതുമായ ആ സ്ഥലം നന്നാക്കാൻ കുറെ സംഖ്യ നീക്കിവെച്ചിട്ടുള്ളതിനെപ്പറ്റി ഗ്രാമീണരുടെ പേരുംപറഞ്ഞു പ്രതിഷേധം പുറപ്പെടുവിക്കുന്നതു പ്രതിയുമുള്ള മെമ്പറന്മാർ ചെയ്യുന്നതല്ല. ഇഞ്ചിനീയർ മെമ്പറവർകൾ പറഞ്ഞതുപോലെ പട്ടണത്തിൽ വളരെ അഴുക്കായി കിടക്കുന്ന പ്രസ്തുത സ്ഥലത്തിന്റെ ശുചീകരണത്തിന്നായി നിശ്ചയമായും ഒരു സംഖ്യ ചിലവിടണമെന്നാണു ഞാൻ പറയുന്നതു്. അതുകൊണ്ടു ഒരു എതിർവാദം ഒരിക്കലും ശരിയല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ *(Nellayi)*.— ഇതിലും മോശമായ സ്ഥലങ്ങൾ ഒരു പട്ടണത്തിൽ വേറെ ഇല്ലേ?

മിസ്റ്റർ പി. സി. വക്കി *(Ernakulam North)*.— എല്ലാ സ്ഥലങ്ങളും ഒരേസമയത്തു നന്നാക്കാൻ തൽക്കാലം സാധിക്കുന്നതല്ല. അതുകൊണ്ടു ഒരു വാദം നിലനിൽക്കത്തക്കതല്ല. ഗ്രാമപ്രദേശങ്ങളുടെ അത്യാവശ്യങ്ങൾ നിർവ്വഹിക്കാനുള്ളതുകൊണ്ടു് വേറെ ഒന്നും ചെയ്യാൻ പാടില്ലേ?

പട്ടണവാസികൾക്കായി എന്തെങ്കിലും ചെയ്യണമെങ്കിൽ അതു ഗ്രാമവാസികളുടെ കാര്യങ്ങളൊക്കെ കഴിഞ്ഞിട്ട വേണമെന്നു പറയുന്നതു ന്യായമാണോ? കഴിഞ്ഞ ബഡ്ജറ്റു സ്പീച്ചിൽ എറണാകുളം തെക്കെ മണ്ഡലം മെമ്പർ പറഞ്ഞതു്, വീതപ്രകാരം നോക്കിയാൽ റോഡു പണിക്കായി ഗ്രാമവാസികൾക്കു ര ണ. ൻ പൈ വീതം ഗവമ്മെണ്ടു കൊടുക്കുന്നുണ്ടെന്നും പട്ടണവാസികൾക്കുവേണ്ടിയുള്ള സകല ചിലവും മുനിസിപ്പാലിറ്റിയാണു വഹിക്കുന്നതെന്നുമാണല്ലൊ. ബഹുമാനപ്പെട്ട ദിവാൻ പ്രസിഡൻറു അവർകൾ പറഞ്ഞു, മുനിസിപ്പാലിറ്റിയിലെ നികുതി ക്രട്ടണമെന്നു്.

ഞങ്ങൾക്കെന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഞങ്ങൾ നികുതി കൊടുത്തു ഉണ്ടാക്കണമെന്നാണു് ഗവമ്മെൻറു പറയുന്നതു്. ഇങ്ങിനെ ഒരു വശത്തു ഗവമ്മെൻറും മറുവശത്തു ഗ്രാമവാസികളുംക്രൂടി എതുത്താൽ ഞങ്ങൾ എന്തു ചെയ്യാനാണു്?

Mr. K. S. Panickar *(Ezhuvas North)*.—On a point of information, Sir, what is the estimated amount for this work?

Mr. P. Kumaran Ezhuthassan *(Wadakkancheri)*.—The estimate is not prepared. That column is blank.

Mr. V. K. Aravindaksha Menon *(Chief Engineer)*.—The cost of the Guest House proper is two lakhs.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— സർ, ഗസ്റ്റ് ഹൗസിനെ സംബന്ധിച്ചു ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ള സംഖ്യയെക്കുറിച്ചു ഇവിടെ നടക്കുന്ന വാദപ്രതിവാദങ്ങൾ കേൾക്കുമ്പോൾ അത്ഭുതമാണു എനിക്കു തോന്നുന്നതു്. വില്ലേജുകാരും പട്ടണവാസികളും എവിടെ ആണു താമസിക്കുന്നതു, ഏതൊരു മഹാരാജാവിന്റെ കീഴിൽ, ഏതൊരു ഗവൺമെണ്ടിന്റെ കീഴിൽ എന്നുള്ള സംഗതി മറന്നാണു ഇവിടെ ഈ വാദം നടക്കുന്നതെന്നു തോന്നുന്നു. എറണാകുളം പട്ടണത്തിൽ വസിക്കുന്നവരും ഗ്രാമവാസികളും ഒരേ മഹാരാജാവിന്റെ പ്രജകളാണു്. ഗവൺമെണ്ടിലേക്കു നികുതി കൊടുക്കുന്നതു ഒരുക്ലാസ്സുകാർ മാത്രമല്ല. വില്ലേജുകാരെപോലെതന്നെ പട്ടണവാസികളും ന്യായമായ നികുതി കൊടുക്കുന്നുണ്ടു്. എന്നാൽ വാസ്തവത്തിൽ ഗ്രാമക്കാരുടെ ഓരോ വില്ലേജും എടുത്തുനോക്കിയാൽ പട്ടണവാസികളാണു് കൂടുതൽ നികുതി കൊടുക്കുന്നതു് എന്നു കാണ്മാൻ കഴിയുന്നതാണു്. നിങ്ങൾ ചിന്തകന്മാരായിരുന്നെങ്കിൽ ഈ സംഗതി പറയുവാൻ കഴികയില്ലായിരുന്നു. പട്ടണവാസികൾ സുഖമനുഭവിക്കുന്നുണ്ടെങ്കിൽ അതു അവരുടെ പണം കൊണ്ടാണെന്നു ബഹുമാനപ്പെട്ട നെല്ലായിമെമ്പർ അവർകൾ മനസ്സിലാക്കേണ്ടതാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ *(Nellayi)*.— നല്ലവണ്ണം മനസ്സിലാക്കി.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— ഹൗസ് ടാക്സ്, വാട്ടർടാക്സ് മുതലായ പ്രത്യേക നികുതികൾ കൊടുത്തിട്ടാണു് അവർ സുഖം അനുഭവിക്കുന്നതു്. പട്ടണവാസികളിൽനിന്നും ഗവൺമെൻറു പിരിച്ചെടുക്കുന്ന ആദായം ന്യായമായവിധം അവർക്കുള്ള ഒരോഹരി അനുസരിച്ചു ഈ പട്ടണത്തിൽ അല്ലെങ്കിൽ പട്ടണങ്ങളിൽ കൊടുക്കുന്നില്ലെന്നു തെളിയിക്കുവാൻ എനിക്കു കഴിയും. എട്ടും പത്തും കൊല്ലം കഴിയുമ്പോൾ വല്ലപ്പോഴും അത്യാവശ്യമുള്ള സംഗതികൾ പട്ടണവാസികളുടേയും മുനിസിപ്പാലിറ്റിയുടേയും മുറവിളിയുടെ ഫലമായിട്ടു ചില പ്രധാന കാര്യങ്ങളിൽ ഗവൺമെണ്ടു ഏർപ്പെടുമ്പോഴാണു് ഈ വില്ലേജുകാർ വന്നു ഉപദ്രവിക്കുന്നതു്. എറണാകുളം പട്ടണത്തിൽ ഇപ്പോൾ ആരംഭിക്കുവാൻ പോകുന്ന ഗസ്റ്റ് ഹൗസിന്റെ പണി കേവലം ഒരു ഗസ്റ്റ് ഹൗസിനെമാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. ഈ പട്ടണത്തിന്റെ വടക്കുഭാഗത്തു എറവും മലിനമായും ആരോഗ്യഹീനമായും കിടക്കുന്ന ആ സ്ഥലത്തെ നന്നാക്കി അവിടത്തെ രോഗബീജങ്ങളെ മാറ്റുവാൻ ഗവൺമെൻറു ഉദ്ദേശിച്ചിട്ടുള്ളതു് നിങ്ങളെപോലെയുള്ള സുഖവാസമനുഭവിക്കുന്ന വില്ലേജുകാരായ മാന്യന്മാർ ഇവിടെ വരുമ്പോൾ അവർക്കു സൌകര്യമായും സുഖമായും ഇരിക്കുവാൻ വേണ്ടിയും കൂടിയാണു് ഗവൺമെണ്ടു ഈ പണികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതു്. നിങ്ങളുടെ വില്ലേജിൽനിന്നും പിരിച്ചുകൊണ്ടുവരുന്ന പണം അനാവശ്യമായി ഇവിടെ ചിലവു ചെയ്യുന്നുവെന്നു ചിലർ പറഞ്ഞു. നമ്മുടെ മഹാരാജാ

LIBRARY ARCHIVES Kerala Legislative Assembly

വു തിരുമനസ്സിലേക്കു വൈസ്രോയിയേയും മറ്റുംപോലെയുള്ള ഒരു മാന്യാതിഥി വരുമ്പോൾ ലക്ഷോപലക്ഷം സംഖ്യ ചിലവുചെയ്തു ഗവ മ്മെൻറിനു സ്വീകരിക്കേണ്ടതായിട്ടു വരുന്നു. അങ്ങിനെ വരുമ്പോൾ പ്രത്യേക കെട്ടിടങ്ങൾ വാടകക്കു വാങ്ങി പ്രത്യേക സൌകര്യങ്ങൾ ഉണ്ടാക്കുന്നതിനും മറ്റും ഗണ്യമായ ഒരു സംഖ്യ നമ്മുടെ ഗവമ്മെൻറിനു ചിലവു ചെയ്യേണ്ടിവരുന്നുണ്ടു്. അങ്ങിനെയുള്ള അനാവശ്യച്ചിലവുകൾ മേലിൽ വന്നുകൂടാതിരിക്കണം എന്നു ഉദ്ദേശിച്ചാണു് ഒരു വലിയ സംഖ്യ ഒന്നായി ചിലവുചെയ്തു ഈ പണി നിർവ്വഹിക്കുവാൻ ഗവ മ്മെൻറു തീരുമാനിച്ചിട്ടുള്ളതു്. ഇങ്ങിനെ ഒരു സംഖ്യ ചിലവുചെയ്തു ഒരു ഗസ്റ്റ് ഹൌസ് ഏർപ്പെടുത്തുന്നപക്ഷം അതിഥികൾ വരുമ്പോൾ ഇല്ലാത്ത പണം ഉണ്ടാക്കി ചിലവുചെയ്തു ബുദ്ധിമുട്ടേണ്ട ആവശ്യം വരുകയില്ല. ഗ്രാമങ്ങളിലെ അഭിവൃദ്ധിയിലോ അവക്കു ആവശ്യമായ നിർദ്ദേശങ്ങളിലോ ഞങ്ങൾ ഒരിക്കലും എതിരല്ല എന്നുമാത്രമല്ല ഗ്രാമങ്ങളെ സംബന്ധിച്ചു തന്നിട്ടുള്ള എല്ലാ കാര്യങ്ങളിലും പട്ടണത്തിലുള്ള സകല മെമ്പർമാരും സഹായിച്ചിട്ടുണ്ടെന്നു പ്രൊസീഡിംഗ്സു നോക്കിയാൽ കാണാൻ സാധിക്കുന്നതാണു്. അതിനെതിരായി ഓരോരോ പട്ടണവാസിയെങ്കിലും വോട്ടചെയ്തിട്ടുള്ളതായി കാണിക്കുവാൻ സാധിക്കുന്നതല്ല. വാസ്തവം അങ്ങിനെയിരിക്കെ ജനങ്ങളെ തെറ്റിധരിപ്പിച്ചു ഞങ്ങളെ വഞ്ചിതരാക്കുവാൻ ഇറങ്ങിയിട്ടുള്ള നിങ്ങളുടെ മനസ്ഥിതി നന്നാകട്ടെ എന്നു പ്രാർത്ഥിക്കുവാനാണു് ഞാൻ ഈ സമയത്തെ വിനിയോഗിക്കുന്നതു്. അങ്ങിനെയുള്ള മനസ്ഥിതി ഒരിക്കലും നല്ലതല്ല. ആ പ്രവൃത്തി മനുഷ്യത്വത്തോടു യോജിച്ചതല്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ (*Kattur*).— സർ, ഈ ഉപക്ഷേപം ഗസ്റ്റ് ഹൌസിൻറെ പണി ആരംഭിക്കുന്നതു ഒന്നോരണ്ടോ കൊല്ലം കൂടി കഴിഞ്ഞിട്ടു മതി എന്നുള്ള അർത്ഥത്തിലല്ലാതെ ഗസ്റ്റ് ഹൌസ് വേണ്ടയോ വേണമോ എന്നു വാദപ്രതിവാദത്തിനു അടിസ്ഥാനമില്ല എന്നാണു ഞാൻ പറയുന്നതു്. ഇതു അത്യാവശ്യമാണോ എന്നു മറ്റു സംഗതികളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ അത്യാവശ്യങ്ങളായ ഗ്രാമീണരുടെ പല ആവശ്യങ്ങൾക്കും പണമില്ലെന്നു പറയുന്ന ഗവമ്മെൻറു ഇപ്പോൾ അത്യാവശ്യമല്ലാത്ത ഒരു സംഗതിക്കായി അമ്പതിനായിരം ഉറുപ്പിക ചിലവാക്കുവാൻ ഈ നിയമസഭ അനുവദിക്കുവാൻ പാടില്ലെന്നാണു് ഈ ഉപക്ഷേപംകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. അതു മനസ്സിലാക്കാതെ പട്ടണവാസികളും ഗ്രാമവാസികളും തമ്മിൽ രണ്ടു കക്ഷിയായി പിരിഞ്ഞുനിന്നു വലിയൊരു പോരാട്ടത്തിനു മുതിരുന്നതു ശരിയല്ല. അതുകൂടാതെ പട്ടണവാസികളേക്കാൾ കൂടുതൽ ഗ്രാമവാസികളുള്ള ഒരു പ്രത്യേക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഒരു മെമ്പർ പട്ടണവാസികളുടെ കാര്യത്തെക്കുറിച്ചുമാത്രം വാദപ്രതിവാദം ചെയ്യുന്നതിൽ യാതൊരു പ്രസക്തിയും സ്വാതന്ത്ര്യവുമില്ലെന്നു ഞാൻ അദ്ദേഹത്തെ മനസ്സിലാക്കിക്കൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും ഗതാഗതസൌകര്യത്തിനു വേണ്ടി പ്രക്ഷോഭണം കൂട്ടിക്കൊണ്ടിരുന്നിട്ട പണമൌർല്ലഭ്യം ധാരാളമുണ്ടെന്നും പറഞ്ഞുകൊണ്ടിരിക്കുന്ന ഗവമ്മെൻറാണ് ഇപ്പോൾ ഇതിലേക്കു അമ്പതിനായിരം രൂപാ നീക്കിവെച്ചിരിക്കുന്നത്. അതുകൊണ്ടു ഉപക്ഷേപകൻതാവിന്റെ ഉദ്ദേശത്തോടു ഞാൻ പൂർണ്ണമായി അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— സർ, ദക്ഷിണ ഇൻഡ്യയിലെ സൌന്ദര്യ റാണിയായ കൊച്ചിയുടെ തലസ്ഥാനഗരിയായ എറണാകുളം പട്ടണത്തിൽ ഒരു ഗസ്റ്റ് ഹൌസ് ഉണ്ടാകുന്നതിൽ അസ്വസ്ഥന്മാരായി വർത്തിക്കുന്ന ഒരു ജനവിഭാഗമാണ് ഞങ്ങളെന്നു എന്റെ ചില സ്നേഹിതന്മാർ തെറ്റിദ്ധരിക്കരുതെന്നു ഞാൻ ആദ്യമായി അപേക്ഷിച്ചുകൊള്ളുന്നു. ഹാർബർ പരിഷ്കരണത്തോടുകൂടി ഒരു ഗസ്റ്റ് ഹൌസ് ഇവിടെ വേണ്ടതു ആവശ്യമാണെന്നുള്ളതു നിരാക്ഷേപമായ ഒരു സംഗതിയാണ്. പക്ഷെ ഗ്രാമീണരുടെ സ്ഥിതി ആലോചിക്കുമ്പോൾ, ഇതൊക്കെ അത്ര അത്യാവശ്യമാണോ എന്നു തോന്നാത്തക്ക ഒരു ഫീലിംഗ് ഗ്രാമീണരായ ഞങ്ങൾക്കുണ്ടാകുമോ എന്നു ഗവമ്മെണ്ടും പട്ടണപരിഷ്കാരപ്രിയന്മാരായ സാമാജികന്മാരും ആലോചിക്കേണ്ടതാണ്. റിട്രെഞ്ചുമെൻറു കമ്മിറ്റിയിൽ ഒരു മെംബറായിരുന്ന ബഹുമാനപ്പെട്ട എറണാകുളം മെംബർ കമ്മിറ്റിറിപ്പോർട്ടിൽ പ്രസ്ഥാവിക്കാത്തതും എന്നാൽ ഭീമമായ ഒരു തുക ചിലവിടാതെ കെട്ടിയിരിപ്പുണ്ടാക്കുവാനും പര്യാപ്തമായ ഒരു പ്രധാനസംഗതിയെപ്പറ്റി അതംയ്ക്ക് ആരോഗ്യരക്ഷാമാർഗ്ഗമായി ഇപ്പോൾ ചിലവഴിച്ചുവരുന്ന സംഖ്യ ചിലവാക്കാതെതന്നെ അതിന്റെ ഫലം ഉണ്ടാകുന്നതായ ഒരു മാർഗ്ഗത്തെപ്പറ്റി, പറഞ്ഞതിനെ ഗവമ്മെൻറു പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. അദ്ദേഹം പറയുന്നതു ആരോഗ്യത്തെ വർദ്ധിപ്പിക്കാനായി ഓരോ സ്ഥലത്തും ഓരോ ഗസ്റ്റ് ഹൌസ് പണിതാൽ മതിയെന്നാണ്. അങ്ങിനെ ആണെങ്കിൽ മെഡിക്കൽ ഡിപ്പാർട്ടുമെൻറും പബ്ലിക്ക് ഹെൽത്തും എബാളീഷ് (abolish) ചെയ്യാം. ഇതു വളരെ നല്ല അഭിപ്രായമാണ്. ബഹുമാനപ്പെട്ട മുസ്ലീംപ്രതിനിധി പറയുകയുണ്ടായി, ടൌണിലെ ജനങ്ങൾ സുഖമനുഭവിക്കുന്നുണ്ടെങ്കിൽ അവർ അതിനു വേണ്ടിവരുന്ന പണം മുഴുവനും പട്ടണനിവാസികൾ കയ്യാൽ പിരിച്ചുണ്ടാക്കീട്ടാണ് എന്ന്. അങ്ങിനെയാണെങ്കിൽ അവരുടെ സുഖസൌകര്യങ്ങൾക്കായി പണിയുന്ന ഗസ്റ്റ് ഹൌസിനു ഗ്രാമീണർ എല്ലു പൊടിഞ്ഞും രക്തം വെള്ളമാക്കിയും ഉണ്ടാക്കി ഗവമ്മെൻറു അവരിൽ നിന്നും പിരിച്ചെടുത്തു ഖജനാവിൽ നിക്ഷേപിച്ചിട്ടുള്ള പണത്തിൽ നിന്നാല്ല അതിനു വിനിയോഗിക്കേണ്ടതെന്നു ഗ്രാമീണരുടേയും കൂടി പ്രതിനിധ്യം വഹിക്കുന്ന ബഹുമാനപ്പെട്ട ആ മുസ്ലീം മെമ്പർ ഇനിയെങ്കിലും വിവേകപൂർവ്വം ഓർക്കുന്നതു നന്നായിരിക്കും. ഗ്രാമീണരിൽനിന്നു പിരിക്കുന്ന പണത്തിന്റെ ഒരു അംശമെങ്കിലും ഗ്രാമീണരുടെ ഉല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ത്തിന്നല്ല, സുഖഭോഗങ്ങൾക്കല്ല, കുടിക്കാനും കുളിക്കാനും വെള്ള മില്ലാതെ അരപട്ടിണിക്കാരായി കഷ്ടപ്പെടുന്ന ഗ്രാമീണർക്കു കാവുകൾ കൊണ്ടുപോകാനല്ല, നടക്കാൻ സൌകര്യമായ വഴികളില്ലാത്ത ഗ്രാമീണരുടെ സഞ്ചാരസൌകര്യത്തിന്നുവേണ്ടി ഗവമ്മെന്റു ചിലവു ചെയ്യേണ്ടതാണെന്ന ഗ്രാമീണരുടെ പ്രതിനിധിയും കൂടിയായ അദ്ദേഹത്തെ ഞാൻ ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— പട്ടണത്തിൽനിന്നു പിരിച്ചെടുക്കുന്ന സംഖ്യ അവരുടെ ആവശ്യത്തിനായി തന്നെ ചിലവാക്കണമെന്നു ഞാൻ പറഞ്ഞിട്ടുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— നിങ്ങളുടെ പണം ഞങ്ങൾക്കു വേണ്ട സർ, ഞങ്ങളുടെ പണം മുഴുവനും സുഖഭോഗതല്പരന്മാരായ നിങ്ങൾക്കുവേണ്ടി ചിലവുചെയ്യുന്നതിനെസംബന്ധിച്ചേ ഞാൻ പറഞ്ഞുള്ളൂവെന്നു ഇനിയെങ്കിലും ധരിക്കുക. കുടിക്കുവാൻ വെള്ളമില്ലാതേയും നടക്കുവാൻ വഴിയില്ലാതേയും കഷ്ടപ്പെടുന്ന ഗ്രാമീണരുടെ സ്ഥിതിയെപ്പറ്റി പറയുമ്പോൾ ഹൃദയം ഇല്ലാതെ ഞങ്ങളോ, ഹൃദയം ഇല്ലാതെ ഗവമ്മെന്റോ ഈ കാര്യത്തിൽ ബുദ്ധിശൂന്യതയോടുകൂടി അലസത വിചാരിക്കുന്നതെന്നു നല്ലവണ്ണം ആലോചിച്ചുനോക്കേണ്ടതാണു്. ഈ വക കാര്യങ്ങളെപറ്റി ഞങ്ങൾ ഗവമ്മെൻറിന്റെ അടുക്കൽ പറയുമ്പോൾ 'ഫണ്ടി'ല്ലാവാദം കൊണ്ടുവരികയാണു പതിവു്. ആ ഒരു വാദത്തെ എതിർക്കണമെന്നാണു ഞങ്ങളുടെ ഇതിലുള്ള ഉദ്ദേശം. പട്ടണവാസികൾ സുഖമായി ജീവിക്കുന്നുണ്ടെങ്കിൽ ഞങ്ങൾക്കതിൽ യാതൊരു അസൂയയുമില്ല. ഞങ്ങൾ പ്രയത്നം ചെയ്തുണ്ടാക്കുന്ന പണം പട്ടണവാസികളുടെ സുഖവാസസൌകര്യങ്ങൾക്കുവേണ്ടി ചിലവു ചെയ്യുവാൻ പാടില്ലെന്നു ഗവമ്മെൻറിനെ ധരിപ്പിക്കാനാണു് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. അല്ലാതെ പട്ടണവാസികളും ഗ്രാമീണരും തമ്മിൽ രണ്ടുകക്ഷികളായി നിന്നു പോരാടുകയെന്നുള്ളതല്ല ഈ ഉപക്ഷേപത്തിലെ തത്വം. തലസ്ഥാന നഗരിയിൽ ഗസ്റ്റ് ഹൌസ് പണിയുന്നതിൽ ഞങ്ങൾ ഒരിക്കലും വിരോധികളല്ല. പക്ഷെ, അത്യാവശ്യവും മനസ്സിലാക്കാനുള്ള മനഃസ്ഥിതി ഗവർമ്മെൻറിനുണ്ടാകണം. ഉൾനാടുകളിൽ ഉദ്യോഗസ്ഥന്മാർക്കു കാർ ഓടിച്ചു കൊണ്ടുപോകേണ്ട ആവശ്യമില്ലായിരിക്കാം. അതുകൊണ്ടായിരിക്കാം ഗ്രാമീണരുടെ സുഖസൌകര്യങ്ങളെ തീരെ വിസ്മരിക്കുന്നതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ *(Nellayi.)*— അവർ ഉൾനാടുകൾ സന്ദർശിക്കാറേയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഞങ്ങൾ ഗ്രാമീണരുടെ പ്രതിനിധികളാണു്. ഗ്രാമീണരുടെ കാര്യങ്ങളെപ്പറ്റി ഞങ്ങൾ പറയുമ്പോൾ അതിനു പട്ടണവാസികൾ വില്ലും ശരവുമെടുത്തു പുറപ്പെടുന്നതു കാണുമ്പോൾ എനിക്കു വളരെ അത്ഭുതമുണ്ടാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ പട്ടണവാസികളോട് ഏതുക്കാൻ വന്നവരല്ല. പട്ടണവാസികൾ മനഃപൂർവ്വം ഗ്രാമീണരെ ദൂഷണം ചെയ്യാൻ തുനിക്കുന്നുണ്ടെന്നുകണ്ടാൽ ഒരു മറി നോക്കാനും ഗ്രാമീണരായ ഞങ്ങൾക്ക പ്രാപ്തിയും കഴിവും ഉണ്ടെന്നും നല്ലവണ്ണം ഓർത്തിരിക്കുക. ഞങ്ങളുടെ ഗ്രാമീണരുടെ അവശ്യം ആവശ്യമായ കാര്യങ്ങൾ ഗവർമ്മെൻറിന്റെ മുമ്പാകെ കൊണ്ടുവന്ന അതിനു പ്രതിവിധി നേടാൻ മാത്രമാണ് ഇപ്പോൾ വന്നിട്ടുള്ളത്.

സർ, ഈ ബഡ്ജറിൽ ഒട്ടാകെ എന്തുസംഖ്യ വേണ്ടിവരുമെന്നു കാണിച്ചിട്ടില്ല. ഞങ്ങൾക്കതിൽ വലിയ സംശയമില്ല. പഴയ കാലങ്ങളിൽ പറഞ്ഞുകേട്ടിട്ടുണ്ട് 'ചെല്ലും ചെലവു'മെന്ന്. അതാണോ ഗവർമ്മെൻറു ഈ കാര്യത്തിൽ കണക്കാക്കിയിരിക്കുന്നത്? ഏതെങ്കിലും ഒരു സംഗതിക്കു ചിലവു ചെയ്യാൻ വിചാരിക്കുന്നുണ്ടെങ്കിൽ അതിനു എത്ര കാലം വേണ്ടിവരും എന്തു സംഖ്യ വേണ്ടിവരുമെന്നൊക്കെ കാണിക്കുകപതിവുണ്ട്. എന്നാൽ ഇതൊന്നും ഇതിൽ വ്യക്തമായികാണാൻ സാധിക്കുന്നില്ല. ഞങ്ങൾ ഇതു അനുവദിച്ചില്ലെങ്കിലും ഗവർമ്മെൻറു ഈ കാര്യം കണ്ടതുപോലെ പ്രവൃത്തിക്കുമെന്നു ഞങ്ങൾക്കു വിശ്വാസവുമുണ്ട്. അതിനുള്ള അധികാരം ഗവർമ്മെൻറിനുണ്ട്. ഞങ്ങളിതു തള്ളിക്കളഞ്ഞാലും ഗവർമ്മെൻറിനിതു ചെയ്യാൻ സാധിക്കുകയില്ലെന്നുള്ളതല്ല ഞങ്ങളുടെ വാദം. ഞങ്ങൾക്കു ചില കടമകളൊക്കെയുണ്ട്. ഞങ്ങൾ അതു നിറവേറുകയാണു ചെയ്യുന്നതു്. ഗ്രാമീണരുടെ നാനാവിധ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും നേരിട്ടു കണ്ടു മനസ്സിലാക്കുവാൻ സാധിക്കുന്ന ആരും ഞങ്ങളുടെ ഈ അഭിപ്രായത്തെ എതുക്കുകയില്ലെന്നു ഞാൻ സധൈര്യം പറയാം. അതുകൊണ്ടു തൽക്കാലം ഗസ്റ്റ് ഹൌസ് പണിനിറുത്തിവെച്ചു ആ സംഖ്യകൊണ്ടു ഗ്രാമീണർക്കു അത്യന്താപേക്ഷിതമായ കാര്യങ്ങൾക്കുവേണ്ടി, അതായതു കുടിക്കുവാനും കുളിക്കുവാനും വെള്ളമില്ലാതെ കഷ്ടപ്പെടുന്ന ഗ്രാമങ്ങളിൽ കിണറുകൾ കുളങ്ങൾ മുതലായ അത്യാവശ്യങ്ങൾക്കുവേണ്ടി, ആ സംഖ്യ വിനിയോഗിക്കണമെന്നു ഗവർമ്മെൻറിനോടു അപേക്ഷിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി അനുകൂലിക്കുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— സർ, എന്റെ ഉപക്ഷേപത്തിനെതിരായി സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർമാരുടെ പ്രസംഗങ്ങൾ മലയാളത്തിലായിരുന്നതുകൊണ്ടു മലയാളത്തിൽതന്നെ മറുപടി പറയേണ്ടതു എന്റെ ധർമ്മമാണ്. ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടു ഞാൻ ഇവിടെ ചെയ്ത പ്രസംഗം കേൾക്കുവാൻ ഇവിടെ ഹാജരുണ്ടായിരുന്നില്ലാത്ത പല മെമ്പർമാർ ഞാൻ എന്തെല്ലാമോ പറഞ്ഞതായി തെറ്റിദ്ധരിച്ചു ചില പ്രസംഗങ്ങൾ ചെയ്തുയുണ്ടായി. അങ്ങിനെയിരിക്കെ എന്റെ മറുപടി കേട്ടാൽ അവർക്കു ഇപ്പോഴും ഇവിടെനിന്നു എഴുന്നേറ്റുപോകേണ്ടിവരും. ഈ ഉപക്ഷേപത്തെ എതുത്ത മാന്യന്മാർ രണ്ടുമൂന്നു അനാവശ്യ വാദങ്ങൾ ഇവിടെ കൊണ്ടുവന്നു. അതു കൊണ്ടുവന്നതു ഞാൻ കുറേക്കൂടിയും ഗൌരവമായി വിചാരിച്ചിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുമാണ്. സ്റ്റാൻറിംഗ്ഫിനാൻസ് കമ്മിറ്റിയിൽവച്ചു ഞങ്ങൾ, അനുഭാഗസ്ഥമെമ്പർമാർ അനാവശ്യ ചിലവുകൾ വേണ്ടന്നുവച്ചു വേണ്ട ചിലവു ചെയ്യാനായി കുറെ കസർത്തുകളൊക്കെ ചെയ്തുനോക്കിയെങ്കിലും അവിടെ ജയമുണ്ടായില്ല.

ഇനി ഇതിനെ എതുത്തു സംസാരിച്ച ആളുകളിൽ ഓരോരുത്തക്കായി മറുപടി പറയാം. ബഹുമാനപ്പെട്ട വൈറ്റില മെമ്പർ മിസ്റ്റർ നാരായണമേനോൻ പറഞ്ഞതിന് ആദ്യം മറുപടി പറയാം. രാജ്യഭാരം തുടൻപോകുന്നതു അവിടന്ന ഉദ്ദേശിച്ച തരത്തിൽ മേലാൽ സാധിക്കയില്ലെന്ന ഏതു അവസരത്തിൽ ബോദ്ധ്യം വന്നുവോ ആ നിമിഷത്തിൽതന്നെ പ്രജാവാത്സല്യത്തിൻെറ ആതിരേകം കൊണ്ടു ഇനി എൻെറ ധർമ്മം രാജ്യഭാരം നടത്തുന്നതല്ല. എൻെറ മേൽഗതിക്കും എൻെറ പ്രജകളുടെക്ഷേമത്തിനും വേണ്ടതു പ്രവൃത്തിക്കുകയാണ് —അതെ! രാജ്യഭാരം കൈവിട്ട വാനപ്രസ്ഥാശ്രമത്തെ സ്വീകരിക്കുകയാണ് വേണ്ടതു എന്ന തീരുമാനിച്ചു രാജ്യഭരണം അവിടത്തെ പിൻഗാമിയിങ്കൽ ഏല്പിച്ചു വാഴ്ചയൊഴിഞ്ഞ ആ മഹാനുഭാവനായ ആ തിരുമേനിയുടെ തിരുനാമധേയം എൻെറ പ്രസംഗത്തിൽ കൊണ്ടുവരേണ്ടിയിരുന്നില്ലെന്നാണല്ലൊ മിസ്റ്റർ മേനോൻ പറഞ്ഞതു്. എന്തിനാണ അവിടത്തെ നാമധേയം ഞാനിവിടെ ഉച്ചരിച്ചതു് എന്ന എൻെറ സ്നേഹിതൻ മനസിലാക്കാത്തതിൽ ഞാൻ വ്യസനിക്കുന്നു. മഹാനുഭാവനായ ആ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു ഇതുപോലുള്ള ഒരവസരത്തിൽ എന്തു പ്രവൃത്തിച്ചുവെന്ന മൂണ്ടിക്കാണിപ്പാൻവേണ്ടിമാത്രമാണ് ഞാൻ അവിടത്തെ തിരുനാമധേയത്തെ അനുസ്മരിപ്പിച്ചതു". അവിടത്തോട്ട അന്നത്തെ വൈസ്രായി അവർകളുടെ സിക്രട്ടറി അവിടത്തോട്ട് "ഡെൽഹി ഇതാ ചിത്രീകരിക്കുവാൻ പോകുന്നു; ഡെൽഹിയിലെ ഭൂമിവില വളരെ കൂടിയേക്കും. അതുകൊണ്ട് തിരുമനസ്സിലേയ്ക്ക ഇവിടെ സ്ഥലം വേണമെങ്കിൽ ഇപ്പോൾതന്നെ വാങ്ങണം" എന്ന തിരുമനസ്സിനോട്ട എഴുതിച്ചോദിച്ചതിന് സിക്രട്ടറിയ്ക്കവിടന്ന എഴുതിയയച്ച മറുപടി എൻെറ സ്നേഹിതൻ എന്നേക്കാളും വയസ്സായ എൻെറ സ്നേഹിതൻ ബഹുമാനപ്പെട്ട ചിറ്റൂർമെമ്പർ കഴിഞ്ഞ ബഡ്ജറ്റുയോഗത്തിൽ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞതിങ്ങിനെയാണ്.

I read from page 167, Vol. III, Part I of the Council Proceedings. Here says Mr. Eachara Menon when he was discussing the inadvisability of making a provision of a lakh of rupees last year for this purpose. Coming to the small surplus of Rs. 48,300, this is what he says. "They have by providing for the purchase of a house in Delhi, for the acquisition of a site for a Guest House in Ernakulam Town, for the extension of the Irwin Park, for the construction of a Town Hall in Trichur and for other luxuries in towns, drained the villagers' wealth instead of sharing it with them. While we are at this topic, viz. the purchase of a house at Delhi let me narrate the anecdote that

LIBRARY ARCHIVES Kerala Legislative Assembly

was current soon after the return from the Delhi Durbar of His late Highness Sir Sri Rama Varmha, G. C. S. I., G. C. I. E., the retired Maharaja of Cochin. His Highness was informed that plots of ground could be had cheap to build a palace by the Secretary to the Viceroy's Council. His Highness is reported to have replied that His Highness hoped and prayed that His Majesty would live long thereby showing that the use of the House would only be for once in a decade or two and that the capital and the current expenses would be too much for this small State. How laconic the reply; how pregnant with meaning!"

ആ പൊന്തമ്പുരാന്റെ പേരിനെ ഞാൻ ഇവിടെ ഉച്ചരിച്ചതു് അനാവശ്യമായി വലിയ പാതകത്തെ വലിച്ചിഴച്ചു കൊണ്ടുവരുകയാണു ചെയ്തതു് എന്നു പറഞ്ഞതിന്നു് എന്താണു ഒരു മറുപടി ആ ബഹുമാന പ്പെട്ട മെമ്പറോടു ഞാൻ പറയേണ്ടതു്. അങ്ങേ അറ്റത്തെ ഒരു വക്കീലായിരിക്കുന്ന ഒരാൾ അതെ, ഒരു ചീഫ് കോർട്ടുവക്കീൽ, എതുഭാഗത്തെ വാദങ്ങളെ മനസ്സിലാക്കാതെ മറു ചില വക്കീലന്മാർ മറുപടി പറയാറുള്ള ആ കെട്ട സമ്പ്രദായം എന്റെ സ്നേഹിതൻ അംഗീകരിച്ചതിൽ ഞാൻ വ്യസനിക്കുക മാത്രമെ ഇപ്പോൾ ചെയ്യുന്നുള്ളൂ. ഇത്രമാത്രമാണു് എനിക്കദ്ദേഹത്തോടിപ്പോൾ പറയുവാനുള്ള മറുപടി. പിന്നെ ഒരു സ്റ്റാക്ക് ആറിഗിമെന്റു ഇവിടെ കൊണ്ടുവരികയുണ്ടായി. ഇവിടെ അതായതു് എറണാകുളത്തു കാണുവാൻ നന്നല്ലാത്ത, നോക്കുവാൻ നന്നല്ലാത്ത, പറഞ്ഞുകേൾക്കുവാൻപോലും കൊള്ളരുതാത്ത ചില സ്ഥലങ്ങൾ ഉണ്ടു്, ഇത്രയും കാലം അവകൾ വച്ചുകൊണ്ടിരുന്നു. അതുകൾ നന്നാക്കി ശുചിപ്പെടുത്തുന്നതിന്നും ക്രടി ആ ഗസ്റ്റ് ഹൌസ് ഏർപ്പാടുകൊണ്ടു് സാധിക്കുന്നതാണു് എന്ന ആ ഉദ്ദേശവും ക്രടിയുണ്ടെങ്കിൽതന്നെ ഒരുലക്ഷം രൂപാ ഇക്കൊല്ലത്തിൽ ചിലവാക്കിയതുകൊണ്ടു് ആ ഉദ്ദേശം സാധിച്ചുകഴിഞ്ഞിരിക്കുന്നു.

Deputy President.—The Honourable Member's time is up. I will allow Hon'ble Member three minutes more.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).— Thank you, Sir. ഈ സംഗതികളെ സംബന്ധിച്ചു ഞാൻ സ്റ്റാൻറിംഗ് ഫിനാൻസ് കമ്മിറ്റിയിൽ ചോദിച്ച ചോദ്യങ്ങൾക്കു ചീഫ് എഞ്ചിനീയർ അവർകൾ മറുപടി തന്നിട്ടുണ്ടു്— ആ കടലാസുകൾ ഞാൻ ഇവിടെ കൊണ്ടുവന്നിട്ടില്ല.— ഈ കൊള്ളരുതാത്ത സ്ഥലം കൊള്ളാവുന്ന നിലയിലാക്കുന്ന ഏർപ്പാടു കഴിഞ്ഞുവെന്നാദ്ദേഹം പറഞ്ഞു. ലാൻറ് അകൂസിഷനും മറ്റും കഴിഞ്ഞു എന്നും അദ്ദേഹം പറഞ്ഞു. എറണാകുളത്തുകാരുടെ മറ്റൊരു ലാഭത്തിന്നു രണ്ടാമത്തെ സംഗതി മറുപടിയാകുന്നതാണു്. അവർ എറണാകുളത്തെ സ്ഥലത്തിന്നു വിലകൂട്ടുന്നു, അതിനാൽ ഈ കായ്യം നിത്തുവാൻ പാടില്ലെന്നു അവർ കഴിഞ്ഞ കൊല്ലം പറഞ്ഞതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ലതന്നെ. ഉപക്ഷേപത്തെ എതുത്തു സംസാരിച്ചവരിൽ ബഹുമാന്യന്മാരായ രണ്ടാളു

LIBRARY ARCHIVES Kerala Legislative Assembly

കളുടെ പ്രസംഗത്തിലുള്ള രണ്ടു സംഗതികൾക്കു മറുപടി ആയികഴിഞ്ഞുവല്ലൊ. ഇനി വേറെ ഒരു സ്നേഹിതൻ പുറപ്പെടുവിച്ച മറെറാരു വാദത്തിനും മറുപടി പറയാം. അദ്ദേഹം പറഞ്ഞ പട്ടണവാസികളും മനുഷ്യരാണ് എന്നാ അത്ഥത്തിലാണ്. മനുഷ്യർതന്നെ പലവിധത്തിലാണ്. ഒരു തരക്കാർ ഏല്ലാവരേക്കാളും മേലെ നില്ക്കുന്നു. അതായതു സവ്വ പ്രധാനങ്ങളായ സവ്വ നിലകളും തികഞ്ഞ ആളുകൾ. അങ്ങിനെയുള്ളവർ അവരുടെ സഹജീവികളോടു സഹതപിക്കുന്നവരാണ്. ഈ സ്വഭാവം ഏവനുണ്ടോ അവനാണ് യഥാത്ഥമനുഷ്യൻ. അങ്ങിനെയുള്ള മനസ്ഥിതിയുള്ളവരാണ് പട്ടണത്തിൽ വസിക്കുന്നതു് എന്നു പറയുകയാണെങ്കിൽ പട്ടണവാസികൾ മുഴുവനും ഒരുതരക്കാരല്ല എന്നു മാത്രമെ ഞാൻ പറയുന്നുള്ളൂ. പലതരത്തിലുള്ള ആളുകളും ഓരോ പട്ടണങ്ങളിലുമുണ്ടാകും. അനവധി ആളുകൾ ഇന്നിവിടെ കണ്ട ക്രൂത്തിൽ പെട്ടവരാണ്. വാസ്തവത്തിൽ ഹൃദയമുള്ള മനുഷ്യരാരും ഈ സംഭ്യെ ഇപ്പോൾ ചിലവു ചെയ്യാൻ വേണ്ടി വോട്ട ചെയ്യുകയില്ല. ഇങ്ങിനെ മനുഷ്യത്വത്തെക്കുറിച്ചു ഈ പ്രാസംഗികന്മാക്കും സമാധാനം പറഞ്ഞുകഴിഞ്ഞു. ഇനി നാട്ടംപുറങ്ങളിൽ നിവസിക്കുന്നവക്കു മാത്രം മതിയോ ആരോഗ്യം പട്ടണവാസികൾക്കും വേണ്ടേ എന്ന ചോദ്യത്തിനു ഞാൻ മറുപടി പറയാം. വളരെ സങ്കടത്തോടുകൂടിയുള്ള എന്റെ ഈ പ്രസംഗത്തിൽ മിസ്റ്റർ ടി. കെ. ശങ്കരമേനോൻ അവർകൾ കണ്ണുകൊണ്ടു കണ്ടതെഴുതിയതായ റിപ്പോർട്ടിലെ ചില വാചകങ്ങൾ ഞാൻ ഇവിടെ വായിക്കാം. ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചതു നിങ്ങളുടെ നാട്ടുപുറത്തുള്ളവക്കു മതിയോ ആരോഗ്യം, ഞങ്ങളുടെ ദിക്കിലുള്ളവക്കും വേണ്ടേ എന്നാണ്. അതിനുവേണ്ടിയാണ് ഞാൻ ഇതു വായിക്കുന്നതു്.

The villagers now 'exist'. They hardly 'live'. How pregnant with meaning? But unfortunately either you have not understood the superintendent or having understood you deliberately pretend that you have not understood. Most criminal that.

. അതുകൊണ്ടു ഇങ്ങിനെയൊന്നും പറഞ്ഞിട്ടു കാര്യമില്ല. കഴിഞ്ഞ കൊല്ലം അനുവദിച്ചുകൊടുത്തതു ഒരുലക്ഷം ഉറുപ്പികയാണ്. അതു മുഴുവൻ സ്ഥലവിലക്കും ശുചീകരണത്തിനുമായി ചിലവാക്കി. ഇനി കെട്ടിടത്തിനു അൻപതിനായിരം ഉറുപ്പിക കൂടി വേണമെന്നാണു പറയുന്നതു്. എന്റെ ഉപക്ഷേപത്തിൽ ഈ കെട്ടിടപണിക്കുവേണ്ടി വരുന്നാണ്ടിലേക്കു അനുവദിച്ചിട്ടുള്ള ൫൦൦൦ ക. വെട്ടിക്കുറക്കണമെന്നല്ലാതെ അതിഥിമന്ദിരം പണി ചെയ്യിക്കരുതെന്നു പറയുന്നില്ല. ഇതു പ്രത്യേകിച്ചു ഓമ്മിക്കേണ്ട സംഗതിയാണ്. ആ പണികുറേക്കൂടി പണമുണ്ടാകുന്ന കാലത്തു നടത്താമെന്നും അതുകൊണ്ടു തൽക്കാലം ഈ സംഭ്യെ ഒമിറു ചെയ്യണമെന്നും മാത്രമാണ് ഞാൻ അഭ്യത്ഥിക്കുന്നതു്. അതുതന്നെയാണു ഞാൻ സ്റ്റാൻറിംഗ് ഫിനാൻസ് കമ്മിറിയിലും പറഞ്ഞിട്ടുള്ളതു്. അതിന്റെ മിനിട്ട വായിച്ചാൽ അതു മനസ്സിലാകും. പഞ്ചായത്തിലേക്കു വളരെ കുറച്ചുമാത്രം സംഭ്യയെ വരുന്നാണ്ടിലേക്കു വച്ചിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടു ഈ അൻപതിനായിരം വെട്ടിക്കുറച്ചാൽ ആ സംഖ്യകൂടി പഞ്ചായത്തു വകുപ്പിലേക്കു ഉപയോഗിക്കുകയോ അല്ലാത്തപക്ഷം അതിനേക്കാൾ അടിയന്തിരമായ വേറെ വല്ല ആവശ്യങ്ങൾക്കും ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ് എന്നമാത്രമാണു ഞാൻ പറയുന്നതു്. അല്ലാതെ ഗസ്റ്റ് ഹൌസ് പണിയരുതു് എന്നല്ല പറയുന്നതു്. ഗസ്റ്റ് ഹൌസിന്റെ പണി വലിയ നിർബന്ധമുള്ളതല്ല. ഗസ്റ്റ് ഹൌസ് ഉണ്ടു് ഈ കൊച്ചീരാജ്യത്തു് എന്നെനിക്കും നിങ്ങൾക്കെല്ലാവർക്കുമറിയാം.

അതു എവിടെയാണെന്നുള്ളതു് കണ്ണുതുറന്നുനോക്കിയാൽ കാണാം. തുറന്നില്ലെങ്കിൽ തുറപ്പിക്കുവാൻ ഞാൻ വിചാരിച്ചാൽ അസാദ്ധ്യം. ഞാൻ പറയുന്നതു ഗസ്റ്റ്ഹൌസിനുവേണ്ടി നീക്കിവെച്ചിട്ടുള്ള അൻപതിനായിരം ഉറുപ്പിക ഈ പ്രാവശ്യം ചിലവാക്കാതെ അത്യാവശ്യമായതും ഉൾനാട്ടുകളിൽ, നാട്ടുംപുറങ്ങളിൽ മിസ്റ്റർ ശങ്കരമേനോന്റെ റിപ്പോർട്ടിൽ വിവരിക്കുന്ന മാതിരിയുള്ള ആളുകളുടെ സങ്കടരക്ഷക്കും വേണ്ടി ഉപയോഗിക്കണം എന്നമാത്രമാണു്. ഗസ്റ്റ് ഹൌസിന്റെ പണി തൽക്കാലം നീട്ടിവയ്ക്കുന്നതുകൊണ്ടു യാതൊരാപത്തും വരാനില്ല. ഗ്രാമീണക്കെല്ലാവർക്കും അത്യാവശ്യത്തിനു വിനിയോഗിക്കുന്നതിനുവേണ്ടി ഇതു വേണ്ടെന്നു വെക്കണമെന്നോ എന്റെ ഉപക്ഷേപത്തിൽ ഉദ്ദേശമുള്ളൂ. ഇതു ഗവൺമെൻറു ഉൾപ്പടെയുള്ള ഈ ഹൗസ് വോട്ടു ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു. അവർക്കു്, അതായതു് ഗവൺമെൻറിനു അതിനു ബുദ്ധിയില്ലെങ്കിൽ നിങ്ങളുടെ സഹതാപമെങ്കിലും ഉണ്ടാകണമെന്നു നിങ്ങളോടു ജനകീയകക്ഷിയെ മുൻനിർത്തിക്കൊണ്ടു ഞാൻ കൈനീട്ടി അപേക്ഷിക്കുന്നു. ഞാൻ ആ കക്ഷിയുടെ നേതാവായ ശിവരാമമേനോൻ അവർകളോടും അദ്ദേഹത്തിന്റെ പാർട്ടിയുടെ ലീഡർ എന്ന നിലയിൽ അപേക്ഷിക്കുന്നതു് ഞങ്ങളെ സഹായിക്കുക, ഞങ്ങൾക്കു വോട്ടു തരുക, ഇതു നിങ്ങളും കൂടി ഉൾപ്പെട്ടിട്ടുള്ള ഗ്രാമീണക്കും കൂടി ചിലവു ചെയ്യാനായിട്ടു നിങ്ങൾ തരണേ, ഞങ്ങളെ സഹായിക്കണേ, കൊച്ചിരാജ്യത്തിന്റെ അഭിമാനത്തെ രക്ഷിക്കണേ എന്നമാത്രമേ ഞാൻ പറയുന്നുള്ളൂ. ഞാൻ ഈ ഉപക്ഷേപം വോട്ടിനിടണമെന്നാപേക്ഷിക്കുന്നു.

Motion was put and negatived.

Mr. P. Kumaran Ezhuthassan (*Wadakkancheri*).—Poll, Sir.

Ayes

1. Mr. K. M. Ibrahim.
2. ,, T. C. Iyyukutty.
3. ,, T. K. Nayar.
4. ,, V. K. Krishnankutty.
5. ,, P. Kumaran Ezhuthassan.
6. ,, M. K. Kunhimoideen.
7. ,, T. A. Ramachandra Ayyar
8. ,, K. S. Panickar.

LIBRARY ARCHIVES Kerala Legislative Assembly

Noes

1. Mr. P. J. Alexander.
2. ,, V. K. Aravindaksha Menon
3. ,, M. V. Cheriyan.
4. ,, A. L. Devassy.
5. ,, P. J. George.
6. ,, George Parakal.
7. ,, K. P. Kannan Nayar.
8. ,, V. K. Kutty.
9. ,, V. S. Krishnan Vaidyan.
10. ,, K. Krishna Warriar.
11. ,, K. S. Manickam.
12. ,, A. Narayana Menon.
13. ,, I. N. Menon.
14. ,, K. Narayana Menon.
15. ,, T. Narayana Menon.
16. Dr. D. Raghavendra Rao.
17. Rama Varmha Tampuran.
18. Mr. A. Sankara Menon.
19. ,, M. A. Sankunni.
20. ,, M. Sivarama Menon.
21. Dr. E. S. R. Menon.
22. Mr. P. V. Subramania Ayyar.
23. ,, Thomas Manjuran
24. ,, A. V. Moothedan.
25. ,, P. C. Varkey.

Motion was therefore lost.

Motion No. 29.

Mr. C. S. Viswanatha Ayyar (*Chittur Thathamangalam Town*).—"*To reduce the allotment of Rs. 2,42,607 for buildings by Re. 1 To bring to the notice of the Government the urgent necessity of providing the courts of Chittur with a suitable latrine and a building for accommodating the growing Bar Association*". ഇതിൽ പറയുന്ന ലെട്രിൻ വളരെ അത്യാവശ്യമായിട്ടുള്ള ഒന്നായതുകൊണ്ട് ഇതിലേയ്ക്ക ഗവമ്മെൻറ എന്തെങ്കിലും ചെയ്യണമെന്നാണ ഞാൻ അപേക്ഷിക്കുന്നത്.

Mr. V. K. Aravindaksha Menon (*Chief Engineer*).—Government will certainly look into the question of providing a latrine and a building for the Bar Association, if funds permit.

Mr. A. Eachara Menon (*Chittur Rural*).—The Members of the Bar have already arranged for the construction of a building for the Bar Association and they ought to provide a latrine there.

Motion was by leave withdrawn.

Motion No. 30.

Mrs. Meenakshi N. Menon (*Nominated*).—"*To reduce the allotment of Rs. 2,42,607 for buildings by Re. 1. (To bring*

LIBRARY ARCHIVES Kerala Legislative Assembly

to the notice of the Government the inadequacy of accommodation in the Women's Hostel attached to the Maharaja's College and to request the Government to make provision even in this year's budget for the creation of better hostel accommodation for the women students seeking admission in the Maharaja's College)."

സർ, ഈ ഉപക്ഷേപത്തെക്കുറിച്ചു ദീർഘമായ ഒരു പ്രസംഗം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മഹാരാജാസ് കോളേജിലെ പെൺകുട്ടികൾക്കു താമസിക്കുവാനുള്ള ഹോസ്റ്റൽ കാര്യത്തെക്കുറിച്ചു ഉപക്ഷേപരൂപേണയും ചോദ്യമായിട്ടും പലപ്പോഴും ഈ കൌൺസിലിൽ വാഗ്പ്രതിവാദങ്ങൾ നടന്നിട്ടുള്ളതാണ്. ഇന്നത്തെ ഈ ഹോസ്റ്റലിന്റെ ചരിത്രം സംക്ഷിപ്തമായി ഞാൻ ആദ്യമായി പ്രസ്താവിക്കാം. ഈ ഹോസ്റ്റൽ തുടങ്ങിയതു ഏകദേശം ഫ്രവ കൊല്ലങ്ങൾക്കു മുമ്പാണ്. അന്ന് ഈഴവസ്ത്രീകൾക്കു സമുദായത്തിലും ക്രസ്ത്യാനികൾക്കു Y. W. C. A. യിലും താമസിപ്പാൻ സൌകര്യമുണ്ടായിരുന്നു. എന്നാൽ ബാക്കിയുള്ള ഹിന്തുക്കൾക്കു പഠിച്ചുതാമസിക്കുവാൻ യാതൊരു സ്ഥലവും ഉണ്ടായിരുന്നില്ല. ഇതിനാൽ ഇവിടത്തെ സ്ത്രീസമാജക്കാർ അതിന്റെ ആഭിമുഖ്യത്തിൽ ഒരു ഹോസ്റ്റൽ തുറക്കുകയും ഗവമ്മെൻറിൽനിന്നു അതിനു Grant കൊടുക്കുകയും ചെയ്തുവന്നു. പിന്നീട് കോളേജ് extension കാലത്തു ആ സ്ഥലം ഗവമ്മെണ്ടിലേക്കെടുത്തപ്പോൾ ഇവർക്കു മതിയാകുന്നതായ ഒരു കെട്ടിടം കണ്ടുകിട്ടുവാൻ സാധിക്കാത്തതിനാൽ ഇവർ അന്നത്തെ പ്രിൻസിപ്പാളായ മിസ്റ്റർ നരസിംഹയ്യെക്കണ്ടു് ആ ഹോസ്റ്റൽ ഗവമ്മെണ്ടിൽനിന്നു തന്നെ നടത്തണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹത്തിനു ആ കാര്യത്തിൽ ഉത്സാഹമുണ്ടായി. അദ്ദേഹത്തിന്റെ ശ്രമത്തിന്റെ ഫലമായി ഇന്നു ഹോസ്റ്റൽ ഇരിക്കുന്ന സ്ഥലത്തുതന്നെ ഗവമ്മെണ്ടു വകയായി ഹോസ്റ്റൽ തുടരുകയും Cosmopolitan ഹോസ്റ്റലിൽനിന്നു ഭക്ഷണം മുതലായവ വരുത്തി അതിന്റെ ഒരു ഭാഗമാക്കി നടത്തുകയും ചെയ്തുവന്നു. ഇന്നും അങ്ങിനെ ചെയ്തുവരുന്നു.

പക്ഷെ കോളേജിൽ പെൺകുട്ടികളുടെ എണ്ണം കൊല്ലംതോറും വർദ്ധിച്ചാണു വരുന്നതു്. ഇപ്പോൾ ഏകദേശം ഫ്രമാ കുട്ടികളോളമുണ്ടു്. ഈ ഹോസ്റ്റലിലാകട്ടെ ഇക്കൊല്ലംവരെ ഇരുപത്തിനാലുപേരോളം തിങ്ങിപാർത്തിരുന്നു. ഇക്കൊല്ലം ഫ്രമാ പേർക്കേ താമസിക്കുവാൻ അനുവാദമുള്ളൂ എന്നു കല്പന വന്നിരിക്കുന്നു. ഏകദേശം ഒറ അപേക്ഷകൾ വന്നിട്ടുള്ളതിൽ ബാക്കിയെല്ലാവരേയും പിരിച്ചയക്കേണ്ടിവന്നു. ഇതു മഹാകഷ്ടംതന്നെ. ഐശ്ചികമായ പലേ വിഷയങ്ങളും പഠിക്കുന്ന കുട്ടികൾക്കു ഈ ഒരു കോളേജല്ലാതെ രക്ഷയില്ല. പുറമെനിന്നു വരുന്നവർക്കു താമസിക്കുന്നതിനു സ്ഥലസൌകര്യം ഗവമ്മെണ്ടിൽനിന്നു ചെയ്തുകൊടുക്കാത്തതു ഭയങ്കരംതന്നെ. ഫർസ്റ്റ-ൽ ഈ വിവരം കാണിച്ചു ഗവമ്മെണ്ടിലേക്കു എഴുതുകയും അതിനു മറുപടിയായി "ഇപ്പോൾ പുതിയ കെട്ടിടം തരുവാൻ സാധിക്കയില്ല ഹോസ്റ്റലിന്റെ അടുത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

സീതാരാമയ്യന്റെ ബംഗ്ലാവ് വാടകക്കെടുത്തു ഇപ്പോഴുള്ളതുമായി യോജിപ്പിച്ചു ഹോസ്റ്റലാക്കാം" എന്നു പറഞ്ഞു. എന്നാൽ അവിടെ ചില പി. സി. ആർ. വകുപ്പു മാത്രം നടത്തിയതല്ലാതെ ആ പ്രൊസീഡിംഗ്സിൽ പറഞ്ഞിട്ടുള്ള സംഗതികളൊന്നും നടന്നിട്ടില്ല. സ്ത്രീവിദ്യാഭ്യാസത്തിൽ മുന്നണിയിൽ നില്ക്കുന്നവെന്നു അഭിമാനിക്കുന്ന ഈ കൊച്ചിരാജ്യത്തിൽ സ്ത്രീകൾക്കു പഠിച്ചുതാമസിക്കുവാൻപോലും സൗകര്യമില്ലെന്നുവന്നാൽ അതു എത്രമാത്രം ശോചനീയമാണ്? ആൺകുട്ടികൾക്കുള്ളമാതിരി ക്രിസ്ത്യൻസ്ത്രീകൾക്കൊന്ന്, ഹിന്തുക്കൾക്ക് ഒന്ന് ഇങ്ങിനെ രണ്ടും മൂന്നും ഹോസ്റ്റലുകൾക്കു സ്ഥലം വേണമെന്നു ഞങ്ങൾ പറയുന്നില്ല. കോസ്മോപോളിറ്റൻഹോസ്റ്റൽ ആയി ഒന്നു മാത്രം വേണമെന്നേ ഞങ്ങൾ പറയുന്നുള്ളൂ. നൂറ്റൻപതുപേർ പഠിക്കുന്ന ഒരു കോളേജിൽ അൻപതു പേക്കെങ്കിലും താമസിക്കാവുന്ന ഒരു ഹോസ്റ്റൽ കൊടുക്കാതിരിക്കുന്നതു ഏറ്റവും കഷ്ടമാണ്. അതുകൊണ്ട് ഇക്കാര്യം കഴിയുന്നതും ഈ വർഷത്തിൽതന്നെ ഗവൺമെണ്ടു അനുഭാവപൂർവ്വം വീക്ഷിച്ചു പ്രവൃത്തിക്കേണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ എ. നാരായണമേനോൻ (*Vytila*).— കഴിഞ്ഞകൊല്ലം വരെ മഹാരാജാസ് കോളേജിൽ പഠിച്ചിരുന്ന ബാലികമാരിൽ പുതുതായി പേർ പ്രവേശനമുണ്ടായിരുന്ന ഒരു ഹോസ്റ്റലായിരുന്നു ഈ ഉപക്ഷേപ വിഷയം. ഈയാണ്ടിൽ വളരെ പേർ ദൂരദിക്കിൽനിന്നും പഠിക്കുവാൻ വന്നിട്ടു താമസിക്കുവാൻ സൌകര്യമില്ലാഞ്ഞിട്ടു കഴക്കോട്ടിവന്നിട്ടുണ്ട്. അവരുടെ ചില രക്ഷകർത്താക്കന്മാർ എന്റെ അടുക്കൽവന്നു കഴിഞ്ഞകൊല്ലം വരെ പുതുതായി പ്രവേശനമുണ്ടായിരുന്ന ഹോസ്റ്റലിൽ ഇപ്പോൾ ഏതാ പേർക്കു മാത്രമെ പ്രവേശനം അനുവദിച്ചിട്ടുള്ളൂ, അതുകൊണ്ട് ഇക്കാര്യത്തിൽ നിങ്ങൾ ദയവുചെയ്തു വേണ്ടുന്ന ശുപാർശകൾ ചെയ്യണമെന്നു പറയുകയുണ്ടായിട്ടുണ്ട്. അതുകാരണം ഞാൻ പ്രിൻസിപ്പാൾ മി. മിൽസിനെ കണ്ടു ഇതിനെപ്പറ്റി സംസാരിച്ചു. ഇപ്പോഴത്തെ ഹോസ്റ്റൽ സ്ഥലമില്ലെങ്കിൽ ഒരു സ്ഥലം കൂലിക്കെടുത്തെങ്കിലും സങ്കടം തീർക്കുവാൻ ആവശ്യപ്പെട്ടു. അപേക്ഷിച്ചു. അക്കാര്യത്തിൽ വേണ്ടതു ആലോചിക്കുമെന്നു അന്നു പറഞ്ഞതല്ലാതെ ഇതുവരെ അദ്ദേഹമോ ഗവൺമെന്റോ യാതൊന്നും ചെയ്തുകൊടുത്തിട്ടില്ല. ഫീസുകൊടുത്തു കോളേജിൽ ചേർന്നു പഠിക്കുന്ന ബാലികമാർക്കു പ്രത്യേകിച്ചും പുറമെനിന്നും വരുന്നവർക്കു താമസിക്കുവാൻ സൌകര്യമില്ലാത്തതിനാൽ വളരെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഇനിയെങ്കിലും ഗവൺമെൻറു ഇപ്പോഴത്തെ ഹോസ്റ്റലിന്നു അടുത്തായാലും അകന്നായാലും വേണ്ടില്ല, സൌകര്യമായ ഒരു കെട്ടിടം കൂലിക്കെടുത്തു അവരെ സഹായിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നാണ് എനിക്കു ഒരു അവസരത്തിൽ പറയുവാനുള്ളതു്.

മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— ഇതിലേക്കു വാടക കൊടുത്തോ മറ്റോ ഏതെങ്കിലും വിധത്തിലുള്ള ഓർപ്പാടുകൾ ഗവ

LIBRARY ARCHIVES Kerala Legislative Assembly

മ്മെൻറു ചെയ്യുന്നുണ്ടെങ്കിൽ ഒരു പ്രസംഗത്തിൻെറ ആവശ്യമില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്.

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— ഈ കാര്യത്തിൽ ഇതിനുമുമ്പു ചെയ്തിട്ടുള്ള പ്രവൃത്തികൾക്കു പുറമെ തൽക്കാലം ഗവമ്മെൻറിൽനിന്നും ഒന്നും ചെയ്യുവാൻ നിവൃത്തിയില്ല. പ്രധാനമായിട്ടു പറഞ്ഞതു പ്രത്യേകിച്ചു ഓരോ ജാതിക്കാക്കായിട്ടു കൊടുക്കാതെ കാസ്മോപോളിറ്റൻ ഹോസ്റ്റലായിട്ടു വേണമെന്നാണു്. അതനുസരിച്ചു ചെയ്തുകൊടുത്തതിൻെറ ഫലമായി വളരെ അധികം ആളുകൾക്കു താമസിക്കുവാൻ സമ്മതമില്ലാതെ അവർ പിരിഞ്ഞു പോയിട്ടുണ്ടു്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പല ആക്ഷേപങ്ങളും പറഞ്ഞുകേട്ടു. ഇപ്പോൾ ഹോസ്റ്റലിൻെറ ആവശ്യത്തിനും മറ്റു പല ആവശ്യങ്ങൾക്കുംവേണ്ടി സ്ഥല വാടക ഗവമ്മെൻറിൽനിന്നും കൊടുത്തുവരുന്നുണ്ടു്. ഇപ്പോൾ കാളേജിൽ പഠിച്ചുവരുന്ന പെൺകുട്ടികളുടെ ആവശ്യത്തിനുവേണ്ടി ഒരു ഹോസ്റ്റൽ വച്ചിട്ടുണ്ടു്. അവിടെ കുറെ ആളുകളും താമസിച്ചുവരുന്നുണ്ടു്. കാളേജിൽ പഠിച്ചുവരുന്ന സ്ത്രീകളുടെ എണ്ണം കൊല്ലംതോറും അധികമാകുന്നുണ്ടെന്നുള്ളതു ശരിതന്നെ. ഇങ്ങിനെ കൊല്ലംതോറും ചിലവു കൂടുതലാകുന്ന കാര്യത്തെക്കുറിച്ചാലോചിക്കുമ്പോൾ ഏതാണ്ടു് ഒരു ടിക്കിൽ ഗവമ്മെൻറിനു നിൽക്കുവാനുള്ള ഘട്ടം അതിക്രമിച്ചിരിക്കുന്നു. ഇനിയും കുറേക്കൂടി പണം ഹോസ്റ്റലിൻെറ കാര്യത്തിൽ ചിലവുചെയ്യുവാൻ ഗവമ്മെൻറിനു അടുത്ത കാലത്തെങ്ങും സാധിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് കുറച്ചാളുകൾക്കെങ്കിലും ഇപ്പോൾ എന്തെങ്കിലും സൌകര്യം ചെയ്തുകിട്ടുമെന്നു വ്യാമോഹിക്കുവാൻ തരമുണ്ടെന്നു തോന്നുന്നില്ല. ഇന്നത്തെ ഗവമ്മെൻറിൻെറ സ്ഥിതി ഈ നിലയിലാണിരിക്കുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*) — ബോയിസ് കാസ്മോപോളിറ്റൻ ഹോസ്റ്റലിൽ ഇപ്പോൾ എത്ര കുട്ടികളുണ്ടു്?

മിസ്റ്റർ കെ. പി. കണ്ണൻ നായർ (*Secretary to Government*).— പത്തോ ഇരുപതോ കുട്ടികളുണ്ടാകും, അതിൽ കൂടുതൽ ഇല്ല.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— അവർക്കു ഗവർമ്മെൻറു ചെയ്തുകൊടുത്തിട്ടുള്ളതുപോലെയുള്ള സൌകര്യങ്ങൾ പെൺകുട്ടികൾക്കും ചെയ്തുകൊടുക്കണമെന്നു പറയുന്നതു ന്യായമല്ലേ?

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— ആ കാര്യത്തെപ്പറ്റി ഗൌരവമായിട്ടു് ആലോചിക്കാം.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— ഓ അപേക്ഷകളുണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലോ, ആ ഓ പേക്ഷ . . . . . .

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— ഇപ്പോൾ ആലോചിക്കാം എന്നു മാത്രമേ പറയുവാൻ തരമുള്ളു. അ

LIBRARY ARCHIVES Kerala Legislative Assembly

തിനുവേണ്ടി വേറെയൊന്നു പണിയുവാൻ പ്രയസമാണെന്നു പറഞ്ഞാൽ യാതൊരു സഹായവും ചെയ്യുകൊടുക്കുകയില്ലെന്നുള്ള അർത്ഥമവരുന്നില്ല.

മിസ്റ്റർ കെ. അയ്യപ്പൻ (*Ezhuvas South*).— പെൺകുട്ടികളോടു എവിടെയെങ്കിലും താമസിക്കുവാൻ പറയുന്നുവല്ലോ, അതുപോലെ ആൺകുട്ടികളോടു പറയരുതേ?

Rao Sahib I. N. Menon (*Director of Public Instruction*).—There is accommodation for about 100 boarders in the cosmopolitan hostel or even more. In the case of women students it is certain that we cannot get 100 who are willing to stay there. And there is this fact that the Maharaja's College is primarily a men's college. So we have to provide more accommodation for men than women. Over and above that, I have been able to make some arrangements with regard to the applications of those who came to me for their accommodation, in the St. Teresa's Hostel.

മിസ്സിസ് പി. മീനാക്ഷി എൻ. മേനോൻ (*Nominated*).— പെൺകുട്ടികൾക്കു താമസിക്കുവാൻ വേണ്ട സൌകര്യങ്ങളുണ്ടാക്കുന്നതിനു ഗവർമ്മെൻറു ശ്രമിക്കുകയാണു വേണ്ടതു്. പുരുഷന്മാർക്കു ചെയ്തുകൊടുത്തിട്ടുള്ളതുപോലെ സൌകര്യങ്ങൾ സ്ത്രീകൾക്കും ഉണ്ടാക്കിക്കൊടുത്തില്ലെങ്കിൽ അവർ എവിടെപോയി താമസിക്കുമെന്നാണു ഞാൻ ചോദിക്കുന്നതു്.

Rao Sahib I. N. Menon (*Director of Public Instruction*).—We had about 23 last year in the Women's Hostel. We found that the accommodation is far from satisfactory to accommodate 23. That is why the number has been brought down to 15 this year. That is all that can be accommodated there with convenience.

Mr. M. Sivarama Menon (*Ernakulam South*).—Now you are maintaining a cosmopolitan Hostel as also a Christian Hostel. If both these students are grouped together in the cosmopolitan Hostel, is it not possible to utilise the Christian Hostel for accommodating women students?

Rao Sahib I. N. Menon (*Director of Public Isntruction*)—Some students refuse to go to the cosmopolitan Hostel on the ground of caste.

Mr. M. Sivarama Menon (*Ernakulam South*).—There is room for even having another kitchen. So that I think that is a workable method by which all these complaints can be done away with.

LIBRARY ARCHIVES Kerala Legislative Assembly

Rao Sahib I. N. Menon *(Director of Public Instruction).*— Even then all complaints won't stop. If there are 50 students, the 50 cannot be accommodated in the two together.

Mr. K. P. Kannan Nayar *(Secretary to Government).*— This last suggestion will be considered.

മിസ്സിസ് പി. മീനാക്ഷി എൻ. മേനോൻ *(Nominated).*— ബഹുമാനപ്പെട്ട ഗവമ്മെൻറു സിക്രട്ടറി അവർകളുടേയും വിദ്യാഭ്യാസ മേലദ്ധ്യക്ഷന്റേയും മറുപടി ഒട്ടും അനുഭാവപൂർവ്വമായിട്ടുള്ളതാണെന്ന് എനിക്കു തോന്നുന്നില്ല. മഹാരാജാസ് കാളേജിൽ കൂടുതൽ അക്കാമിഡേഷൻ പുരുഷന്മാക്കാണെന്നുള്ള കാരണത്തിന്മേൽ എത്രത്തോളം കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുത്താലും വിരോധമില്ല. അവിടെ പെൺകുട്ടികളും പഠിച്ചുവരുന്നുണ്ട്. പുരുഷന്മാക്കാണെങ്കിൽ സൌകര്യമായി താമസിക്കുന്നതിനു ഹോസ്റ്റലില്ലെങ്കിലും അവക്ക് എവിടെയെങ്കിലും ഒരു മുറി വാടകക്കെടുത്തു താമസിക്കാം. അതുപോലെ ഒരു സ്ത്രീക്കു സാധിക്കുമോ? ഇപ്പോൾ എറണാകുളത്തു കാളേജിൽ ഉള്ള ഒരു സബ്ജറ്റ് വേറെ അടുത്തെവിടെയെങ്കിലും പോയി പഠിക്കുവാനുള്ള കാളേജുകളില്ല. അങ്ങിനെയുള്ള വിഷയങ്ങൾ പഠിക്കുവാനായി വരുന്നവക്കു സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നില്ലെന്നു പറയുമ്പോൾ സ്ത്രീ വിദ്യാഭ്യാസത്തിൽ മുന്നാണിയിൽ നില്ക്കുന്ന കൊച്ചീരാജ്യത്തിൽ സ്ത്രീകൾക്കുള്ള വിദ്യാഭ്യാസ സൌകര്യം എത്രയുണ്ടെന്നു മറുള്ളവർ അറിയുവാനിടവരുകയില്ലേ? അതുകൊണ്ട് കാളേജിൽ പഠിക്കുന്ന പെൺകുട്ടികൾ എവിടെയെങ്കിലുംപോയി താമസിച്ചുകൊള്ളട്ടെ എന്നു പറയുന്നതു് അനുഭാവമില്ലാത്ത ഒരു നയമാണ്. ഇപ്പോൾ കൃസ്ത്യൻ ഹോസ്റ്റലിൽ താമസിക്കുന്നവരെല്ലാം ഞങ്ങളുടെ സഹോദരന്മാരാണ്. ഞങ്ങൾക്കുവേണ്ടി ആ സ്ഥലം ഒഴിഞ്ഞുതരണമെന്നു പറഞ്ഞാൽ അവർ അവിടെനിന്നും ഇറങ്ങി മാറിത്തരും. അല്ലാതെ രണ്ടുകൂട്ടരും ഒരുമിച്ചു താമസിച്ചുകൊള്ളാമെന്ന് അവരാരും പറയുകയില്ല. ഇവിടെ ഞാൻ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഗവമ്മെൻറിൽനിന്നും ശരിയായ മറുപടി തന്നിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ട് മിസ്റ്റർ ശിവരാമമേനോൻ പറഞ്ഞതുപോലെ ഗവമ്മെൻറിൽനിന്നും വാഗ്ദാനം ചെയ്യുകയാണെങ്കിൽ. . . . . .

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government).*— തീച്ചയായും ആലോചിക്കാം.

മിസ്സിസ് പി. മീനാക്ഷി എൻ. മേനോൻ *(Nominated).*— ആലോചിക്കാമെന്നുള്ള തരത്തിൽ മറുപടി പറയുന്നതു കേൾക്കുമ്പോൾ വളരെ സങ്കടമുണ്ട്. അതുകൊണ്ട് ദയവായി ആലോചിച്ച് ഫ്രഫ്രമ-ൽ തന്നെ സാധിച്ചുതരണമെന്ന് അപേക്ഷിക്കുവാനായി ഞാൻ ഇതിനെ പ്രസ്സുചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— കുറച്ചുമുമ്പു് മെംമ്പർ കുസ്സൻ ഹോസ്പിറലിലുള്ള കുട്ടികളെ കാസ്മോ പോളിറ്റൻ ഹോസ്റ്റലിലേക്കു മാറ്റി അതിനെ സൌകര്യപ്പെടുത്തിയാൽ മതിയെന്നും, പെൺകുട്ടികളുടെ ആവശ്യത്തിനാണെന്നു പറഞ്ഞാൽ അവർ ഉടനെ അവിടെനിന്നും മാറുന്നതിനു വിസമ്മതം കാണിക്കുകയില്ല എന്നും ഇവിടെ പറയുകയുണ്ടായി. അങ്ങിനെ അവർ പെട്ടെന്നു ഒഴിഞ്ഞുതരുമെന്നു പറയുമ്പോൾ തീച്ചയായിട്ടും സൌകര്യപ്പെടുത്തിത്തരുവാൻ യാതൊരു പ്രയാസവുമുണ്ടാകയില്ല.

മിസ്സിസ് പി. മീനാക്ഷി എൻ. മേനോൻ (*Nominated*).— ബഹുമാനപ്പെട്ട ഗവൺമെൻറു സിക്രട്ടറിയവർകളുടെ മറുപടി കേട്ടതിൽ ഇതു് പ്രസ്സുചെയ്യാതിരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഞാൻ ഇതു പ്രസ്സുചെയ്യുകതന്നെ ചെയ്യുന്നു.

Motion was put and carried.

The whole demand less Re. 2 was put and carried.

20—Public Works—Cranganur—Rs. 13,494.

Demand was put and carried.

23—Medical—Rs. 3,86,320.

Dr. D. Raghavendra Rao (*Chief Medical Officer*).—Sir, I rise to move for a grant of Rs. 3,86,320 under 23 Medical. I request the House will be pleased to grant the same.

Motion No. 31.

Mr. A. Narayana Menon (*Vyttila*).—"To reduce the allotment of Rs. 1,14,561 for establishment by Re. 1. *To indicate savings that the Department can make.*"

Sir, in discussing the budget I had laid stress on some items of expenditure which would enable the Government to make a good saving in the Medical Department. This is a department for which we have been very lavishly contributing funds and it is only proper that we should see whether we cannot, without causing any hardship to the patients that go to the Hospitals, effect some savings. As I have already stated, we can make something out of the patients who go to the different hospitals provided that they are rich.

Another suggestion that I made in general discussion was with regard to the payward patients and patients that go for

LIBRARY ARCHIVES Kerala Legislative Assembly